**പതിനാലാം കേരള നിയമസഭ**

**(FOURTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്ട് കമ്മിറ്റി X
# (SUBJECT COMMITTEE X)

# വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും
# (FOREST, ENVIRONMENT AND TOURISM)

# പീരിയോഡിക്കൽ റിപ്പോർട്ട്

**(2019 മാർച്ച് 31 വരെയുള്ളത്)**

**(PERIODICAL REPORT AS ON 31st MARCH, 2019)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2019 ജൂൺ 27-ാം തീയതി സമർപ്പിച്ചത്
(Presented on 27th June 2019)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2019

SECRETARIAT OF THE KERALA LEGISLATURE

THIRUVANANTHAPURAM

2019

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി X
# (SUBJECT COMMITTEE X)

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും
## (FOREST, ENVIRONMENT AND TOURISM)

## പീരിയോഡിക്കൽ റിപ്പോർട്ട്

**(2019 മാർച്ച് 31 വരെയുള്ളത്)**

## (PERIODICAL REPORT AS ON 31st MARCH, 2019)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

686/2019.

# ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 4 |

# സബ്ജക്ട് കമ്മിറ്റി X

## (വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും)

## (2019-2021)

### ഘടന

ചെയർമാൻ :

ശ്രീ. കെ. രാജു,

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ,

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. ബി. ഡി. ദേവസ്സി

ശ്രീ. എൽദോ എബ്രഹാം

ശ്രീ. എസ്. രാജേന്ദ്രൻ

ശ്രീ. റോജി എം. ജോൺ

ശ്രീ. കെ. എം. ഷാജി

ശ്രീ. എ. എൻ. ഷംസീർ

ശ്രീ. സണ്ണി ജോസഫ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. സി. ജോസ്, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീമതി മഞ്ജു വർഗ്ഗീസ്, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. വേണുഗോപാൽ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. റ്റി. എസ്. പ്രേമാനന്ദ്, അണ്ടർ സെക്രട്ടറി.

# അവതാരിക

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ള കാലയളവിലെ പീരിയോഡിക്കൽ റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് സമർപ്പിക്കുന്നു.

പതിനാലാം കേരള നിയമസഭയുടെ 2016 ജൂലൈ 7-ാം തീയതിയിലെ 26-ാം നമ്പർ ബുള്ളറ്റിൻ ഭാഗം 2 പ്രകാരം രൂപീകൃതമായ 2016-2018 കാലയളവിലെ വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ കാലാവധി 2019 ജനുവരി 6-ാം തീയതി അവസാനിച്ചതിനെത്തുടർന്ന് 2019 ജനുവരി 7-ാം തീയതിയിലെ 598-ാം നമ്പർ ബുള്ളറ്റിൻ ഭാഗം 2 പ്രകാരം രൂപീകരിച്ച 2019-2021 കാലയളവിലേയ്ക്കുള്ള സമിതിയിൽ ചെയർമാൻ ഉൾപ്പെടെ ആകെ 9 അംഗങ്ങളാണുള്ളത്.

പതിനാലാം കേരള നിയമസഭയുടെ 2016-2018 കാലയളവിലേക്കുള്ള സബ്ജക്ട് കമ്മിറ്റി X, 2018 ഏപ്രിൽ 1 മുതൽ 2019 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ 12-6-2018, 18-6-2018, 25-7-2018, 19-2-2019, 28-2-2019, 21-3-2019 എന്നീ തീയതികളിലായി സമിതി 6 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ 19-2-2019, 28-2-2019, 21-3-2019 എന്നീ തീയതികളിലെ യോഗങ്ങൾ 2019-2020 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയും, മറ്റ് മൂന്ന് യോഗങ്ങൾ സമിതിയുടെ പരിധിയിൽ വരുന്ന മറ്റ് വിഷയങ്ങൾ പരിഗണിക്കുന്നതിനുമായിരുന്നു. മേൽപ്പറഞ്ഞ സമിതി യോഗങ്ങളിൽ അംഗങ്ങളുടെ ശരാശരി ഹാജർ നില 52% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം അദ്ധ്യായത്തിൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ സംബന്ധിച്ച വിവരങ്ങളും രണ്ടാം അദ്ധ്യായത്തിൽ സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങളും മൂന്നാം അദ്ധ്യായത്തിൽ സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.കളുടെ വിശദാംശങ്ങളും ചേർത്തിരിക്കുന്നു. നാലാം അദ്ധ്യായത്തിൽ നിയമസഭാ ചട്ടം 235(എ) പ്രകാരം ചേർന്ന സമിതി യോഗം സംബന്ധിച്ച വിശദാംശങ്ങളും, അഞ്ചാം അദ്ധ്യായത്തിൽ നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങളും ആറാം അദ്ധ്യായത്തിൽ നടപ്പ് സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച

സംഗ്രഹവും, ഏഴാം അദ്ധ്യായത്തിൽ സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു. റിപ്പോർട്ട് കാലയളവിലെ യോഗനടപടി കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2019 ജൂൺ 25-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

കെ. രാജു,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി X.*

തിരുവനന്തപുരം,
2019 ജൂൺ 25.

# റിപ്പോർട്ട്

## അദ്ധ്യായം I

## സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

(1) വനസംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയുടെ ശാക്തീകരണം എന്ന വിഷയം സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് 2018 മാർച്ച് 26-ാം തീയതി ചേർന്ന സമിതി യോഗം അംഗീകരിക്കുകയും 2018 ഏപ്രിൽ 4-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(2) 2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ പീരിയോഡിക്കൽ റിപ്പോർട്ട് 2018 ജൂൺ 12-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2018 ജൂൺ 20-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(3) സമിതിയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 2018 ജൂൺ 18-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 2018 ജൂൺ 20-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അദ്ധ്യായം II

## സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശങ്ങൾ

ഈ കാലയളവിൽ സമിതിയുടെ പരിഗണനയ്ക്കായി ബില്ലുകൾ ലഭിച്ചിട്ടില്ല.

## അദ്ധ്യായം III

## സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ. കളുടെ വിശദാംശങ്ങൾ

ഈ കാലയളവിൽ സമിതിയുടെ പരിഗണനയ്ക്കായി ചട്ടങ്ങൾ/എസ്.ആർ.ഒ.കൾ എന്നിവ ലഭിച്ചിട്ടില്ല.

## അദ്ധ്യായം IV

## നിയമസഭാ ചട്ടം 235 എ പ്രകാരം ചേർന്ന സമിതിയോഗം സംബന്ധിച്ച വിശദാംശങ്ങൾ

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (1) (iii) പ്രകാരം സമിതി 25-7-2018-ൽ യോഗം ചേർന്ന് 'വന്യജീവി ആവാസകേന്ദ്രങ്ങളുടെ സമഗ്രവികസനം' എന്ന വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും, പ്രസ്തുത ചർച്ചയിലുരുത്തിരിഞ്ഞ ശിപാർശകൾ ഉൾപ്പെടുത്തി ഒരു പ്രത്യേക റിപ്പോർട്ട് തയ്യാറാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

686/2019.

## അദ്ധ്യായം V

## നിയമസഭാ ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ

| സാമ്പത്തിക വർഷം | ധനാഭ്യർത്ഥന നമ്പർ | ബന്ധപ്പെട്ട വകുപ്പ് | സഭയുടെ മേശപ്പുറത്ത് വച്ച തീയതി |
|---|---|---|---|
| 2015-16 | XVII - വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം<br>XX - ശുദ്ധജല വിതരണവും ശുചീകരണവും | പരിസ്ഥിതി വകുപ്പ് | 6-12-2018 |
| 2016-17 | XVII - വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം<br>XX - ശുദ്ധജല വിതരണവും ശുചീകരണവും | പരിസ്ഥിതി വകുപ്പ് | 4-4-2018 |
| 2017-18 | XXXIV - വനം | വനം വന്യജീവി വകുപ്പ് | 6-12-2018 |
| 2017-18 | XVII - വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം<br>XX - ശുദ്ധജല വിതരണവും ശുചീകരണവും | പരിസ്ഥിതി വകുപ്പ് | 6-12-2018 |
| 2017-18 | XLII - വിനോദസഞ്ചാരം | വിനോദ സഞ്ചാര വകുപ്പ് | 6-12-2018 |

## അദ്ധ്യായം VI

**(a) 2018-19 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം**

| റിപ്പോർട്ടിലെ ശിപാർശകളുടെ ആകെ എണ്ണം-24 | മറുപടി ലഭിച്ച ശിപാർശകൾ |
|---|---|
| 1 | 2 |
| വനം വന്യജീവി വകുപ്പ് - 1 മുതൽ 7 വരെ | 1, 2, 3, 4, 5, 6, 7 (വനം വന്യജീവി വകുപ്പ്) |

| 1 | 2 |
|---|---|
| പരിസ്ഥിതി വകുപ്പ്- 8 മുതൽ 10 വരെ<br>വിനോദ സഞ്ചാര വകുപ്പ്- 11 മുതൽ 24 വരെ | 8, 9, 10 (പരിസ്ഥിതി വകുപ്പ്)<br>11, 12, 13, 14, 15, 16, 17, 18, 19, 20, 21, 22, 23, 24 (വിനോദ സഞ്ചാര വകുപ്പ്) |

**(b) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും പുതിയ സാമ്പത്തിക വർഷത്തെ ആദ്യം എന്ന കണക്കിൽ**

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള എല്ലാ നടപടി സ്റ്റേറ്റ്മെന്റുകളും ലഭ്യമായിട്ടുണ്ട്.

## അദ്ധ്യായം VII

## സമിതിയുടെ പ്രത്യേക റിപ്പോർട്ടിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും

സമിതിയുടെ "വനസംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയുടെ ശാക്തീകരണം" എന്ന വിഷയത്തിന്മേലുള്ള പ്രത്യേക റിപ്പോർട്ടിൽ ആകെ 25 ശിപാർശകളാണ് ഉണ്ടായിരുന്നത്. പ്രസ്തുത ശിപാർശകൾ വനം വന്യജീവി വകുപ്പുമായും, വിനോദസഞ്ചാര വകുപ്പുമായും ബന്ധപ്പെട്ടതാണ്. ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ പരിഗണനയ്ക്കായി ലഭ്യമായിട്ടില്ല.

കെ. രാജു,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി X.*

തിരുവനന്തപുരം,
2019 ജൂൺ 25.

അനുബന്ധം

## 12-6-2018-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി X, 2018 ജൂൺ 12-ാം തീയതി ചൊവ്വാഴ്ച സഭാ സമ്മേളനത്തിനുശേഷം വൈകുന്നേരം 3.10-ന് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജുവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

ഹാജരായ അംഗങ്ങൾ :

1. ശ്രീ. ബി. ഡി. ദേവസ്സി, എം.എൽ.എ.
2. ശ്രീ. എൽദോ എബ്രഹാം, എം.എൽ.എ.
3. ശ്രീ. എസ്. രാജേന്ദ്രൻ, എം.എൽ.എ.
4. ശ്രീ. റോജി എം. ജോൺ, എം.എൽ.എ.
5. ശ്രീ. എ. എൻ. ഷംസീർ, എം.എൽ.എ.
6. ശ്രീ. സണ്ണി ജോസഫ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി എസ്. ഷാഹിന, ജോയിന്റ് സെക്രട്ടറി
2. ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ടി. എസ്. പ്രേമാനന്ദ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീമതി റാണി ജോർജ്, സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്.
2. ശ്രീ. പി. കെ. കേശവൻ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ഫോഴ്സ്.
3. ശ്രീ. എ. കെ. ധരണി, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്.
4. ശ്രീ. കെ. എ. മുഹമ്മദ് നൗഷാദ്, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (സോഷ്യൽ ഫോറസ്ട്രി).
5. ശ്രീ. പി. ബാലകിരൺ, ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്.

6. ശ്രീമതി വി. വൽസ, അഡീഷണൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ്.

7. ശ്രീ. ബി. എസ്. പ്രകാശ്, ജോയിന്റ് സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്.

8. ശ്രീ. വി. എസ്. അനിൽ കുമാർ, ഡെപ്യൂട്ടി സെക്രട്ടറി, വനം വന്യജീവി വകുപ്പ്.

9. ശ്രീ. ബി. സജി, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡ്.

10. ശ്രീ. എസ്. സുരേഷ് കുമാർ, സീനിയർ ഫിനാൻസ് ഓഫീസർ, ടൂറിസം ഡയറക്ടറേറ്റ്.

11. ശ്രീ. വി. എസ്. സതീഷ്, പ്ലാനിംഗ് ഓഫീസർ, വിനോദസഞ്ചാര വകുപ്പ്.

സമിതിയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ 1 മുതൽ 32 വരെയുള്ള ശിപാർശകൾക്ക് സർക്കാരിൽ നിന്നും ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. അതോടൊപ്പം, സമിതിയുടെ 2017 ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് സമിതിയോഗം പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

തുടർന്ന്, ആറളത്ത് കാട്ടാനശല്യം വളരെ രൂക്ഷമാകുന്ന വിഷയം സമിതി ചർച്ചയ്ക്കെടുക്കുകയുണ്ടായി. കാട്ടാനകൾ വനാതിർത്തികളിൽ നിന്നും ഏകദേശം 10 കി.മീ. വരെ അകലെയുള്ള ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് കൂട്ടത്തോടെ എത്തുകയും, ദിവസങ്ങളോളം അവിടെ തമ്പടിച്ച് കൃഷി വിളകൾക്ക് നാശനഷ്ടവും, ജനങ്ങൾക്ക് ഭീതിയും സൃഷ്ടിക്കുന്ന സ്ഥിതിവിശേഷത്തിൽ സമിതി ആശങ്ക പ്രകടിപ്പിക്കുകയും, സ്ഥായിയായ പരിഹാര മാർഗ്ഗങ്ങളെക്കുറിച്ച് ആരായുകയും ചെയ്തു.

ജനവാസ കേന്ദ്രങ്ങളിലെത്തുന്ന കാട്ടാനകളെ വനത്തിലുള്ളിലേയ്ക്ക് തിരിച്ചു വിടുന്നതിനായി കുങ്കി ആനകളെയാണ് വനം വകുപ്പ് ഉപയോഗിക്കുന്നതെന്നും, കുങ്കി ആനകളെ കാണുമ്പോൾ തന്നെ കാട്ടാനകൾ വനത്തിനുള്ളിലേയ്ക്ക് പോകുകയാണ് പതിവെന്നും സമിതി ചെയർമാൻ വിശദീകരിച്ചു.

കഴിയാവുന്നത്ര മതിലുകൾ നിർമ്മിച്ച് പ്രശ്നത്തിന് പരിഹാരം കാണണമെന്നും, പേരാവൂരിൽ കുറച്ച് സ്ഥലത്ത് Elephant Proof Wall നിർമ്മിച്ചുവെങ്കിലും മതിൽ ഇല്ലാത്ത സ്ഥലങ്ങളിലൂടെ ആന നാട്ടിലേയ്ക്കിറങ്ങുന്നുവെന്നും, ബാക്കി സ്ഥലത്ത് കൂടി പ്രസ്തുത wall നിർമ്മിക്കുന്നതിന് തുക വകയിരുത്തേണ്ടതാണെന്നും സമിതി ആവശ്യപ്പെട്ടപ്പോൾ ഒരു കിലോമീറ്റർ മതിൽ നിർമ്മിക്കുന്നതിന് 1.5 കോടി രൂപ ചെലവ് വരുമെന്നും, റെയിൽ ഫെൻസിംഗിന് പകരം വടം പോലെയുള്ള കമ്പി പില്ലറുകളിൽ ഉറപ്പിച്ച് നിർമ്മിക്കുന്ന

ആംസ്ട്രോങ് ഫെൻസിംഗ് സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ നിർമ്മിച്ചുവരുന്നുവെന്നും ഇത്തരം ഫെൻസിംഗ് ഉപയോഗിച്ചാൽ ആനയ്ക്ക് പരിക്ക് സംഭവിക്കുകയില്ലെന്നും ഇത് വളരെ വിജയകരമായ സാങ്കേതികവിദ്യയാണെന്നും വനം വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

കണ്ണൂർ ജില്ലയിലെ കൊട്ടിയൂർ, ആറളം വന്യമൃഗ സങ്കേതങ്ങളിൽ, വന്യമൃഗ ശല്യം തടയുന്നതിന് ഭിത്തി നിർമ്മിക്കുന്നതിനായി കിഫ്ബിയിലും കഴിഞ്ഞ രണ്ട് ബഡ്ജറ്റുകളിലും തുക വകയിരുത്തിയിരുന്നുവെങ്കിലും നാളിതുവരെ പ്രസ്തുത പ്രവർത്തിയുള്ള ഡി.പി.ആർ. സമർപ്പിക്കാത്തതിനുള്ള കാരണം സമിതി ആരാഞ്ഞതിന് കാസർകോഡും കണ്ണൂർ ജില്ലയിലെ കൊട്ടിയൂരും സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള അനുവാദം ലഭിച്ചിട്ടുണ്ടെന്നും കൊട്ടിയൂരിലെ 9.8 കി.മീ. പണി പൂർത്തീകരിച്ചുവെന്നും കാസർകോഡ് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനായി അനുവദിച്ച മുഴുവൻ തുകയും ചെലവഴിക്കാത്തതിനാൽ പ്രസ്തുത തുക കണ്ണൂരിലെ തുടർന്നുള്ള നിർമ്മാണ പ്രവർത്തികൾക്ക് ചെലവഴിക്കുന്നതിനുള്ള പ്രൊപ്പോസൽ നൽകിയിട്ടുണ്ടെന്നും ടെക്നിക്കൽ അപ്രൂവൽ ലഭിച്ചാൽ നിർമ്മാണ പ്രവൃത്തി ആരംഭിക്കാവുന്നതാണെന്നും ബന്ധപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

ഇടുക്കി ജില്ലയിലെ വിവിധ പ്രദേശങ്ങളിലെ കാട്ടാനശല്യം നിയന്ത്രിക്കുന്നതിനായി പരിശീലനം ലഭിച്ച കുങ്കി ആനകളുടെ സേവനം ലഭ്യമാക്കണമെന്ന് സ്ഥലം എം.എൽ.എ. ആയ സമിതിയംഗം ആവശ്യപ്പെട്ടു. തമിഴ്‌നാട്ടിലുള്ള ആനക്യാമ്പിൽ വച്ച് നടത്തുന്ന ആനകളുടെ മൂന്നു മാസത്തെ പരിശീലനം ഈ മാസം 15-ാം തീയതി ആരംഭിക്കുകയാണെന്ന് വനം വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു

നിലവിൽ തമിഴ്‌നാട്ടിലാണ് ആനകളെ പരിശീലിപ്പിക്കുന്നതെന്നും ആയതിനാൽ മൂന്നാറിൽ ഒരു ആന പരിപാലന കേന്ദ്രം വേണ്ടതാണെന്നും സമിതിയംഗം ആവശ്യപ്പെട്ടപ്പോൾ മൂന്നാർ പോലെ വനവിസ്തൃതിയുള്ള പ്രദേശത്ത് മതിൽ കെട്ടി ശല്യക്കാരായ ആനകളെ അതിനുള്ളിൽ സംരക്ഷിക്കണമെന്ന നിർദ്ദേശം പ്രായോഗികമല്ലെന്നും, ആനകളെയും വന്യജീവികളെയും കൂട്ടിലടയ്ക്കാൻ പാടില്ലെന്നാണ് നിയമം അനുശാസിക്കുന്നതെന്നും ചെയർമാൻ വ്യക്തമാക്കി.

മൂന്നാറിൽ അലഞ്ഞ് തിരിയുന്ന മൂന്ന് ആനകളുണ്ടെന്നും, ഇവ ഭിത്തിയിടിച്ച് അടുക്കളയിലും, കടകളിലും കയറി ഭക്ഷണ സാധനങ്ങൾ ഭക്ഷിച്ച് അതിക്രമങ്ങൾ കാണിക്കുകയാണെന്നും, ഇവയ്ക്ക് പരിശീലനം നൽകിയാൽ കാട്ടാനകളെ തുരത്തുന്നതിനായി ഉപയോഗിക്കാമെന്നും, അലഞ്ഞുതിരിയുന്ന ആനകളെ പരിശീലിപ്പിക്കുക, ഉപദ്രവകാരികളായ കാട്ടാനകളെ ആവാസവ്യവസ്ഥകളോടെ സംരക്ഷിക്കുക എന്നീ രണ്ട് കാര്യങ്ങളിൽ തീരുമാനമുണ്ടാകണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

രണ്ട് കാര്യങ്ങളുംകൂടി ഒരുമിച്ച് ചെയ്യുന്നത് അപ്രായോഗികമാണെന്നും, കാട്ടിലെ ആനയെ പിടിക്കുന്നതിന് നിയമമില്ലെന്നും, വനം വകുപ്പിലെ തെരഞ്ഞെടുത്ത മൂന്ന് ആനകളെയാണ് ഇപ്പോൾ പരിശീലനത്തിനായി അയയ്ക്കുന്നതെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മറുപടി നൽകി.

കൊട്ടിയൂരിലെ മുഴക്കുന്നം പഞ്ചായത്തിൽ വനാതിർത്തി ഇല്ലാത്തതിനാൽ തുടർച്ചയായി മൂന്ന് പ്രാവശ്യം ആന നാട്ടിലേയ്ക്ക് ഇറങ്ങുകയുണ്ടായെന്നും, ഇവയെ പിടിച്ച് ആന വളർത്തൽ കേന്ദ്രത്തിലാക്കണമെന്നും അല്ലെങ്കിൽ ആവശ്യമായ സംരക്ഷണഭിത്തി നിർമ്മിച്ച് അവയുടെ കടന്നുകയറ്റം തടയുന്നതിനുള്ള സംവിധാനം ഒരുക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

പാലക്കാട്, മുണ്ടൂർ ഭാഗത്തുനിന്നും നാട്ടിലേയ്ക്കിറങ്ങുന്ന ആനകൾ രണ്ട് നാഷണൽ ഹൈവേയും, പാലക്കാട്-കോഴിക്കോട് റെയിൽവേ ലൈനും, നിരവധി റോഡുകളും കടന്ന് കാട്ടിൽ നിന്ന് ഏകദേശം 30 കി.മീ. വരെ അകലെയുള്ള ഭാരതപ്പുഴയിൽ എത്തിയ സാഹചര്യത്തിൽ വനം വകുപ്പ് സമയോചിതമായി ഇടപെട്ട് വലിയ അപകടങ്ങൾ കൂടാതെ ഇവയെ തിരിച്ച് കാട്ടിലേയ്ക്കയച്ചുവെന്ന് വനം വകുപ്പ് ഉദ്യോഗസ്ഥൻ വ്യക്തമാക്കി.

നാട്ടിലിറങ്ങുന്ന കാട്ടാനകളെ പിടിക്കുന്നതിനുള്ള നിയമം നിലവിലില്ലാത്തതിനാൽ അവയെ തിരിച്ചുവിടുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകണമെന്നും, ഇതിനായി ടൂറിസ്റ്റ് ഡെസ്റ്റിനേഷനായ മൂന്നാറിൽ ഒരു ആന പരിശീലന കേന്ദ്രം ആരംഭിക്കണമെന്ന ആവശ്യം പ്രായോഗികമാണോ എന്നും ചെയർമാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് ആരാഞ്ഞു.

ഒട്ടനവധി നിയമതടസ്സങ്ങളുള്ളതിനാൽ പ്രസ്തുത ആവശ്യം പ്രായോഗികമല്ലെന്നും, ടൂറിസ്റ്റ് ഡെസ്റ്റിനേഷനായതിനാൽ ആന പരിപാലന കേന്ദ്രത്തെ ടൂറിസ്റ്റുകളിൽ നിന്നും സെപ്പറേറ്റ് ചെയ്യണമെന്ന നിബന്ധനയാണ് നിയമത്തിലുള്ളതെന്നും, ആനകളെ പരിശീലിപ്പിക്കുന്ന സ്ഥലത്തേയ്ക്ക് ആർക്കും പ്രവേശനം അനുവദിക്കില്ലെന്നും, വനംവകുപ്പ് ഉദ്യോഗസ്ഥൻ മറുപടി നൽകി.

വനാതിർത്തിയിലുള്ള നിയോജകമണ്ഡലത്തിലെ അംഗങ്ങൾ എന്ന നിലയിൽ ഈ വിഷയം കാരണം സമിതിയംഗങ്ങളിൽ പലരും വളരെയധികം പ്രയാസം അനുഭവിക്കുന്നുണ്ടെന്നും, ഇക്കാര്യത്തിൽ ഒരു പരിഹാരം കാണുന്നതിനായി സമിതിയുടെ എല്ലാ യോഗങ്ങളിലും പ്രസ്തുത വിഷയം വളരെ ഗൗരവത്തോടെ അവതരിപ്പിക്കാറുണ്ടെങ്കിലും ഇതുവരെ ശാശ്വതമായ പരിഹാരം കാണുന്നതിന് സാധിച്ചിട്ടില്ല എന്നത് അത്യന്തം ദൗർഭാഗ്യകരമാണെന്നും സമിതി അഭിപ്രായപ്പെട്ടു.

മൂന്നാറിൽ ആനവേലി നിർമ്മിക്കുന്നതിന്റെ പ്രായോഗികത ചെയർമാൻ ആരാഞ്ഞതിന്, വിസ്തൃതിയുടെ മുക്കാൽഭാഗം വനപ്രദേശമായ മൂന്നാറിൽ ആനവേലി നിർമ്മാണം പ്രായോഗികമല്ലെന്നും, ഭീമമായ ചെലവ് ഇതിനായി വേണ്ടിവരുമെന്നും, സ്ഥലം എം.എൽ.എ. ആയ സമിതിയംഗം വിശദീകരിച്ചു.

മൂന്നാറിൽ സ്ഥിരമായി നാട്ടിലേയ്ക്കിറങ്ങുന്ന അരിക്കൊമ്പൻ, ചുള്ളിക്കൊമ്പൻ എന്നിങ്ങനെ മൂന്ന്-നാല് ആനകളാണ് പ്രശ്നക്കാരെന്നും, ശക്തിയായി കാറ്റ് വീശുന്ന സന്ദർഭങ്ങളിലാണ് ഇവ കാട്ടിനുള്ളിൽ നിന്നും വെളിയിലിറങ്ങുന്നതെന്നും, ഇത്തരം സന്ദർഭങ്ങളിൽ ആളുകളെ സുരക്ഷിത ക്യാമ്പുകളിലേയ്ക്ക് മാറ്റുകയാണ് ചെയ്യുന്നതെന്നും, നിലവിൽ നാലോളം ക്യാമ്പുകളിൽ ആളുകളെ പുനരധിവസിപ്പിച്ചിട്ടുണ്ടെന്നും സമിതിയംഗം അറിയിച്ചു. കൊട്ടിയൂർ, മൂന്നാർ തുടങ്ങിയ പ്രശ്ന ബാധിത പ്രദേശങ്ങളിലെ തദ്ദേശവാസികളെ ഉൾപ്പെടുത്തി ബഹു. മന്ത്രിയുടെയും, വനം വകുപ്പ് ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ ഒരു യോഗം വിളിക്കണമെന്ന് സമിതിയിൽ അഭിപ്രായം ഉണ്ടാകുകയും ആയത് സമിതി അംഗീകരിക്കുകയും ചെയ്തു.

തൃശ്ശൂരിൽ ചാലക്കുടി കേന്ദ്രീകരിച്ച് റാപ്പിഡ് റെസ്പോൺസ് ടീം (ആർ.ആർ.ടി.) അനുവദിക്കുന്നതിനെക്കുറിച്ച് സമിതി രണ്ട് വർഷമായി ആവശ്യപ്പെടുന്നുവെങ്കിലും നാളിതുവരെ ആയതിനുള്ള നടപടി സ്വീകരിക്കാത്തതിന്മേൽ സമിതി വിശദീകരണം ആരായുകയും, സ്റ്റാഫിന്റെ കുറവാണ് പ്രശ്നമെന്നും, നിലവിലുള്ള ഉദ്യോഗസ്ഥരെ വിന്യസിച്ച് താൽക്കാലികമായാണ് ആർ.ആർ.ടി. പ്രവർത്തിക്കുന്നതെന്നും വനം വകുപ്പ് ഉദ്യോഗസ്ഥൻ മറുപടി നൽകി.

ജില്ലയിൽ ഒരു ആർ.ആർ.ടി. എന്ന രീതിയിൽ പ്രവർത്തനം ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നും, ഒരു അപകടം ഉണ്ടായാൽ ഉടൻ എത്താൻ സാധിക്കുന്ന തരത്തിലുള്ള സംവിധാനം ഉണ്ടാകണമെന്നും, നിലവിലുള്ള സ്റ്റാഫിനെ വച്ച് പ്രവർത്തനം തുടങ്ങാൻ സാധിക്കുകയില്ലെന്നും, ആർ.ആർ.ടി.-യ്ക്കാവശ്യമായ തസ്തികകൾ അനുവദിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കാമെന്നും ചെയർമാൻ ഉറപ്പു നൽകി.

കൃഷി നശിപ്പിക്കുന്ന പന്നികളുടെയും, കുരങ്ങൻമാരുടെയും വംശവർദ്ധന തടയുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ എന്ന് സമിതി ആരാഞ്ഞതിന്, പന്നിയുടെ കാര്യത്തിൽ നടപടിക്രമങ്ങൾ കുറച്ചുകൂടി ലളിതമാക്കാനുള്ള ശ്രമങ്ങൾ നടന്നുവരിക യാണെന്ന് വനംവകുപ്പ് ഉദ്യോഗസ്ഥൻ മറുപടി നൽകി.

ഓസ്ട്രേലിയയിലെ ദേശീയമൃഗമായ കങ്കാരുവിന്റെ എണ്ണം വർദ്ധിക്കുന്ന അവസരങ്ങളിൽ വംശവർദ്ധനവ് തടയുന്നതിനായി ഒരു നിശ്ചിത സമയത്തേയ്ക്ക് അവയെ ഭക്ഷിക്കുന്നതിനുള്ള ഇടക്കാല അനുമതി നൽകാറുണ്ടെന്നും അതുപോലെ മറ്റു

സംസ്ഥാനങ്ങളിലും പന്നികളെ വെടിവയ്ക്കുന്നതിനുള്ള അനുമതി നൽകാറുണ്ടെന്നും, വനംവകുപ്പ് ഈ വിഷയത്തിന്മേൽ പഠനം നടത്തി ആവശ്യമായ പ്രൊപ്പോസൽ തയ്യാറാക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

ചില നിയന്ത്രണങ്ങളോടെ പന്നികളെ വെടിവെയ്ക്കുവാനുള്ള ഉത്തരവ് നേരത്തെ തന്നെ ഉണ്ടെന്നും, അതിൽ ചില ഇളവുകൾ വരുത്തി, പ്രൊപ്പോസൽ തയ്യാറാക്കി യിട്ടുണ്ടെന്നും അത് സംബന്ധിച്ച നടപടിക്രമങ്ങൾ വേഗത്തിലാക്കാമെന്നും വനംവകുപ്പ് ഉദ്യോഗസ്ഥൻ മറുപടി നൽകി.

മലയോര ഹൈവേ നിർമ്മാണത്തിനായി ഉദ്ദേശിക്കുന്ന പല സ്ഥലങ്ങളും വനംവകുപ്പിന്റെ കൈവശമായതിനാൽ അവിടെ സർവ്വേ നടത്തുന്നതിന് പി.ഡബ്ല്യൂ.ഡി.-ക്ക് പെർമിഷൻ ലഭിക്കാത്തതുകൊണ്ട് ഡി.പി.ആർ. സമർപ്പിക്കാൻ സാധിക്കുന്നില്ലെന്ന വിഷയം സംബന്ധിച്ച് സമിതി വനംവകുപ്പ് ഉദ്യോഗസ്ഥരോട് വിശദീകരണം ആവശ്യപ്പെടുകയും, ആയതിന് വനംവകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലെ മരങ്ങൾ മുറിക്കാതെ തന്നെ സർവ്വേ നടത്താവുന്നതാണെന്നും, പ്രസ്തുത ഹൈവേയുടെ അലൈൻമെന്റ് തയ്യാറാക്കിയപ്പോൾ വനംവകുപ്പുമായി ആലോചിച്ചിരുന്നില്ലെന്നും ഇപ്പോൾ പ്രൊപ്പോസ് ചെയ്യതിനെക്കാളും മുറിക്കേണ്ടിവരുന്ന മരങ്ങളുടെ എണ്ണവും വനഭൂമിയുടെ അളവും കുറച്ച് പകരം സംവിധാനത്തെക്കുറിച്ച് പരിശോധിക്കണമെന്നും, അലൈൻമെന്റ് ഫിക്സ് ചെയ്യുന്നത് സംബന്ധിച്ചും, മരം മുറിക്കാതെയുള്ള സർവ്വേയ്ക്ക് എന്താണ് തടസ്സം എന്നുള്ളതും പരിശോധിക്കാമെന്നും വനം വകുപ്പ് ഉദ്യോഗസ്ഥൻ മറുപടി പറഞ്ഞു.

മലയോര ഹൈവേയ്ക്ക് ആകെ 66 ഹെക്ടർ വനഭൂമി വേണ്ടിവരുമെന്നും, 66 ഹെക്ടറിനായി ഒരുമിച്ച് അപേക്ഷിച്ചാൽ കേന്ദ്രത്തിൽ നിന്നും അനുമതി ലഭിക്കാത്തതിനാൽ ജില്ല തിരിച്ച് പ്രത്യേകം അപേക്ഷ സമർപ്പിക്കുവാനാണ് തീരുമാനിച്ചിരിക്കുന്നതെന്നും, എന്നാൽ യൂസർ ഏജൻസി എന്നുള്ള രീതിയിൽ പി.ഡബ്ല്യൂ.ഡി. ഇതുവരെ അപേക്ഷ നൽകുവാൻ തയ്യാറായിട്ടില്ലെന്നും, മലയോര ഹൈവേയ്ക്കായി സ്ഥലം ആവശ്യപ്പെട്ടിട്ടുള്ള ജില്ലകളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു യോഗം വിളിച്ചു ചേർക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും ചെയർമാൻ വ്യക്തമാക്കി.

പി.ഡബ്ല്യൂ.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർമാരാണ് അലൈൻമെന്റ് ഫൈനലൈസ് ചെയ്യുന്നതും, തുടർപ്രവർത്തികൾ ഏകോപിപ്പിക്കുന്നതെന്നും, സർവ്വേയ്ക്ക് പെർമിഷൻ നൽകേണ്ട അധികാരി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ആയതിനാൽ അവരുമായി സംസാരിച്ച് സർവ്വേ തുടങ്ങുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് വ്യക്തമാക്കി.

ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ കീഴിൽ ജോലി ചെയ്യുന്നവർക്കായി തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച പഠനത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ച് സമിതി ആരാഞ്ഞതിന് തസ്തികകൾ സൃഷ്ടിക്കുന്നതിനായി, ഡി.റ്റി.പി.സി.യുടെ കീഴിലുള്ള സ്റ്റാഫ് പാറ്റേൺ ഫിക്സ് ചെയ്യണമെന്നും ജില്ലകളിലെ ഡി.റ്റി.പി.സി.കളുടെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തീരുമാനമെടുക്കുന്നതാണെന്നും ടൂറിസം ഡയറക്ടർ സമിതിയെ അറിയിച്ചു.

മറയൂർ ചന്ദന ഡിപ്പോയിലെ ചന്ദനമരങ്ങൾക്ക് രാത്രിയും പകലും കാവൽ നിൽക്കുന്ന 17 വർഷം സർവ്വീസുള്ളതും 45 വയസ്സ് കഴിഞ്ഞവരും ഉൾപ്പെടുന്ന 48 വാച്ചർമാരെ സ്ഥിരപ്പെടുത്തുന്നതിന് സാധിക്കുമോ എന്ന ചോദ്യത്തിന്, നിലവിലുള്ള നിയമവ്യവസ്ഥകൾ കർശനമാണെന്നും, 20 വർഷം സർവ്വീസുള്ളവരെ സ്ഥിരപ്പെടുത്താമെന്ന സർക്കാരിന്റെ തീരുമാനത്തിനെതിരെ കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ടെന്നും, സർക്കാരിനോട് പ്രസ്തുത വിഷയത്തിന്മേൽ വിശദീകരണം ആവശ്യപ്പെട്ടിരിക്കുകയാണെന്നും, അതിനാൽ തുടർന്ന് അത്തരത്തിലൊരു നിയമനടപടി സ്വീകരിക്കുന്നതിന് നിയമവകുപ്പിന്റെ അംഗീകാരം ലഭിക്കുകയില്ലെന്നും വനംവകുപ്പ് ഉദ്യോഗസ്ഥൻ വ്യക്തമാക്കി.

യോഗം വൈകുന്നേരം 4.30-ന് പിരിഞ്ഞു.

## 18-6-2018-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 2018 ജൂൺ 18-ാം തീയതി, തിങ്കളാഴ്ച സഭാ സമ്മേളനത്തിനുശേഷം വൈകുന്നേരം 4.55-ന് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജുവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. എൽദോ എബ്രഹാം, എം.എൽ.എ.
2. ശ്രീ. എ. എൻ. ഷംസീർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീമതി. എസ്. ഷാഹിന, ജോയിന്റ് സെക്രട്ടറി.

സമിതിയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ 1 മുതൽ 32 വരെയുള്ള ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റുകൾ ഉൾപ്പെടുത്തി തയ്യാറാക്കിയ ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് നടപ്പു സമ്മേളനത്തിൽ, 2018 ജൂൺ 20-ാം തീയതി, സഭയിൽ സമർപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

യോഗം വൈകുന്നേരം 5.05-ന് പിരിഞ്ഞു.

## 25-7-2018-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 2018 ജൂലൈ 25-ാം തീയതി ബുധനാഴ്ച രാവിലെ 10.30-ന് നിയമസഭാ മന്ദിരത്തിലെ 610-ാം നമ്പർ സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജുവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. ബി. ഡി. ദേവസ്സി, എം.എൽ.എ.
2. ശ്രീ. എൽദോ എബ്രഹാം, എം.എൽ.എ.
3. ശ്രീ. കെ. എൻ. എ. ഖാദർ, എം.എൽ.എ.
4. ശ്രീ. സണ്ണി ജോസഫ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീമതി എസ്. ഷാഹിന, ജോയിന്റ് സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. വി. വേണു, പ്രിൻസിപ്പൽ സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.
2. ശ്രീ. പി. കെ. കേശവൻ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്.
3. ശ്രീ. അനിരുദ്ധ്കുമാർ ധരണി, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്.

4. ശ്രീ. ബെന്നിച്ചൻ തോമസ്, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്സ് ലാന്റ് ആന്റ് റിസോഴ്സസ്).

5. ശ്രീ. ബി. എൻ. അഞ്ജൻ കുമാർ, ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്), പാലക്കാട്.

6. ശ്രീ. പ്രമോദ്. പി.പി., സി.എഫ്., വനം-വന്യജീവി വകുപ്പ്.

7. ശ്രീ. ജോർജ് പി. മാത്യു, എഫ്.ഡി., വനം-വന്യജീവി വകുപ്പ്.

'വന്യജീവി ആവാസ വ്യവസ്ഥകളുടെ സമഗ്ര വികസനം' എന്ന വിഷയം സംബന്ധിച്ച് വനം വകുപ്പ് ഉദ്യോഗസ്ഥരുമായി സമിതി ചർച്ച നടത്തുകയും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും രൂപീകരിക്കുകയും ചെയ്തു.

വന്യജീവികളുടെയും അവയുടെ ആവാസ വ്യവസ്ഥകളുടെയും സംരക്ഷണത്തിനായി വനം വന്യജീവി വകുപ്പ് കേന്ദ്രാവിഷ്കൃത പദ്ധതിയിലുൾപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ടെന്നും, ഇതിലൂടെ പ്രധാനമായും വന്യജീവി സംരക്ഷണ കേന്ദ്രങ്ങളുടെ പ്രവർത്തനവും നടത്തിപ്പുമാണ് ലക്ഷ്യമിടുന്നതെന്നും, സംസ്ഥാന വനവിസ്തൃതിയുടെ 28% വും വന്യജീവി സങ്കേതങ്ങൾ, നാഷണൽ പാർക്കുകൾ, കമ്മ്യൂണിറ്റി റിസർവ്വ്, പ്രോജക്ട് ടൈഗർ തുടങ്ങിയ സംരക്ഷിത മേഖലകളാണെന്നും സംരക്ഷിത മേഖലകൾക്കായി സംസ്ഥാനത്തിന് പ്രത്യേക പദ്ധതികളില്ലെന്നും കേന്ദ്രസഹായം ലഭിക്കുന്ന പദ്ധതികൾ നിലവിൽ കേന്ദ്രാവിഷ്കൃത പദ്ധതികളായി മാറ്റിയതിന്റെ ഫലമായി 60% വിഹിതം കേന്ദ്ര ഗവൺമെന്റും 40% വിഹിതം സംസ്ഥാന ഗവൺമെന്റും വഹിക്കണമെന്നും, ഇതിന്റെ ഫലമായി സംരക്ഷിത മേഖലകൾക്കായി പദ്ധതി വിഹിതത്തിൽ നിന്നും ലഭിക്കുന്ന വിഹിതത്തിൽ കുറവ് വന്നിട്ടുണ്ടെന്നും, കൂടാതെ സർക്കാർ കഴിഞ്ഞ സാമ്പത്തിക വർഷാവസാനം പുതിയ നിയന്ത്രണം ഏർപ്പെടുത്തിയതും വന്യജീവി ആവാസ കേന്ദ്രങ്ങളുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ടെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സമിതിയിൽ വ്യക്തമാക്കി.

കഴിഞ്ഞ സാമ്പത്തിക വർഷത്തെ വിഹിതം മുഴുവൻ ചെലവഴിക്കാതിരുന്നതിന്റെ വിശദീകരണം സമിതി ആരാഞ്ഞതിന് കഴിഞ്ഞ വർഷം 7 കോടി 91 ലക്ഷം രൂപയാണ് വന്യജീവി ആവാസ വ്യവസ്ഥകളുടെ സംയോജിത വികസന പദ്ധതി (ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ്)-ക്ക് ലഭിച്ചതെന്നും, എന്നാൽ ഇതിൽ 7 കോടി 82 ലക്ഷം രൂപ റിലീസ് ചെയ്തു ലഭിച്ചതിൽ 7 കോടി 76 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ടെന്നും, മുമ്പ് കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേന്ദ്ര വിഹിതം ലഭിക്കുമെന്ന പ്രതീക്ഷയിൽ സാമ്പത്തിക വർഷാരംഭം മുതൽ പണം ചെലവഴിച്ചു മായിരുന്നുവെന്നും എന്നാൽ കഴിഞ്ഞ വർഷാവസാനം മുതൽ കേന്ദ്രസഹായം

ലഭിച്ചതിനുശേഷം മാത്രമേ സംസ്ഥാന വിഹിതം നൽകുകയുള്ളൂവെന്ന നിർദ്ദേശം പുറപ്പെടുവിക്കുകയുണ്ടായെന്നും കഴിഞ്ഞ വർഷത്തെ കേന്ദ്രസഹായം 2018 ജൂലൈ മാസത്തിലാണ് ലഭിച്ചതെന്നും ആയതിനാൽ കഴിഞ്ഞ നാല് മാസത്തെ ചെലവുകൾ നിർവ്വഹിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായെന്നും അതോടൊപ്പം ഉദ്ദേശിച്ച പല പദ്ധതികൾക്കും പ്രതീക്ഷിച്ച തോതിലുള്ള തുക കേന്ദ്രത്തിൽ നിന്നും ലഭിച്ചില്ലെന്നും ചില പദ്ധതികൾക്ക് തുകയൊന്നും തന്നെ ലഭിച്ചില്ലെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് വ്യക്തമാക്കി.

സംസ്ഥാനത്തിന്റെ താൽപര്യം സംരക്ഷിക്കുന്നതിനായി, സംസ്ഥാന സർക്കാർ ആദ്യം പദ്ധതി വിഹിതം അനുവദിച്ച് പദ്ധതി ആരംഭിക്കണമെന്നും, കേന്ദ്രസഹായം ലഭിച്ചതിനുശേഷം മാത്രമേ സംസ്ഥാന വിഹിതം നൽകുകയുള്ളൂ എന്ന വ്യവസ്ഥ ന്യായീകരിക്കത്തക്കതല്ലെന്നും സംസ്ഥാനത്തിന്റെ പ്രോപ്പോസ്ഡ് എമൗണ്ട് ആദ്യം ഇയർമാർക്ക് ചെയ്ത് വയ്ക്കണമെന്ന ഒരു ഭേദഗതി നിർദ്ദേശം നൽകേണ്ടതാണെന്നും സമിതി ചൂണ്ടിക്കാട്ടി.

കേരളത്തിന്റെ പ്രധാന വിഭവസമ്പത്തായ വനങ്ങളെ സംരക്ഷിക്കുന്നതിന് പ്ലാൻ വിഹിതത്തിന്റെ എത്ര ശതമാനം തുക സംസ്ഥാന സർക്കാർ ചെലവഴിക്കുന്നുവെന്നത് ചിന്തിക്കേണ്ട കാര്യമാണെന്നും വികസന പ്രവർത്തനങ്ങൾക്ക് കേന്ദ്ര സ്കീമുകൾ മുഖേന തുക ലഭ്യമാക്കുന്നതുകൊണ്ട് സംസ്ഥാന സർക്കാർ തുക മാറ്റിവയ്ക്കേണ്ടതില്ലെന്നായിരുന്നു ഇതുവരെയുള്ള കാഴ്ചപ്പാടെന്നും, വനം വകുപ്പ് ഏകദേശം 240 കോടിയോളം രൂപ വർഷാവർഷം സർക്കാർ ഖജനാവിലേയ്ക്ക് അടയ്ക്കുന്നുണ്ടെങ്കിലും പ്ലാൻ ഫണ്ട് ഇനത്തിൽ വനം വകുപ്പിനായി 305 കോടി രൂപ മാത്രമാണ് ലഭിക്കുന്നതെന്നും ഇത് വിനോദസഞ്ചാര വകുപ്പിന് നൽകുന്ന തുകയെക്കാൾ കുറവാണെന്നും വനം വന്യജീവി വകുപ്പിന്റെ പദ്ധതി വിഹിതം വർദ്ധിപ്പിക്കേണ്ടതാണെന്നും ആയതിനുള്ള നടപടി സ്വീകരിക്കണമെന്നും വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതി മുമ്പാകെ അഭ്യർത്ഥിച്ചു

കൂടാതെ കേന്ദ്ര ഗവൺമെന്റിൽ നിന്നും 100% പദ്ധതി വിഹിതം ലഭിച്ചിരുന്ന പ്രവർത്തികൾക്ക് ഇപ്പോൾ 60:40 എന്ന അനുപാതത്തിലാണ് വിഹിതം ലഭിക്കുന്നതെന്നും സംസ്ഥാന വിഹിതമായ 40% തുക പല സംസ്ഥാനങ്ങളും നൽകുന്നില്ലെന്ന കാര്യം കേന്ദ്ര സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ടെന്നും ഈ വിഷയം അജണ്ടയിലുൾപ്പെടാത്തതാണെങ്കിലും സമിതി ഗൗരവമായി ഈ വിഷയം ചർച്ച ചെയ്യണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് തുക സംസ്ഥാന സർക്കാരുകൾ കുറയ്ക്കുന്നുണ്ടെങ്കിലും തദ്ദേശീയമായ പുതിയ സെക്ടറുകൾക്ക് പ്രാധാന്യം കൊടുക്കണമെന്നത് സർക്കാരിന്റെ നയത്തിൽ ഉൾപ്പെട്ട കാര്യമായതിനാൽ അതുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി സമർപ്പിക്കുകയാണെങ്കിൽ തുക ലഭിക്കുന്നതാണെന്ന് ചെയർമാൻ അഭിപ്രായപ്പെട്ടു.

നാഷണൽ പാർക്കുകൾ, റീ-ലൊക്കേറ്റിംഗ് സാങ്ച്വറീസ് എന്നീ പദ്ധതികൾക്കാണ് സാമ്പത്തിക സഹായം ലഭിക്കാൻ സാധ്യതയുള്ളതെന്നും, ഇതുമായി ബന്ധപ്പെട്ട് വയനാട്ടിൽ 80 കോടി രൂപയുടെ പ്രോജക്ട് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണെന്നും വനത്തിന് അകത്തും പുറത്തും നടപ്പിലാക്കുന്ന 'ഗ്രീൻ ഇൻഡ്യ മിഷ'ന്റെ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് ശേഖരിച്ചുവരികയാണെന്നും പക്ഷെ വന്യജീവി സങ്കേതങ്ങൾ, നാഷണൽ പാർക്കുകൾ എന്നിവ സംരക്ഷിക്കുന്നതിനുള്ള തുക ലഭിക്കുന്നില്ലെന്നും ഇത് സംബന്ധിച്ച് ഒരു കുറിപ്പ് സമിതിക്ക് ലഭ്യമാക്കാമെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് മറുപടി നൽകി.

കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ വിഹിതം ആദ്യം തന്നെ നീക്കിവയ്ക്കണമെന്ന് സമിതി ശിപാർശ ചെയ്തു. പ്രസ്തുത ശിപാർശ ഈ വിഷയം സംബന്ധിച്ച് തയ്യാറാക്കുന്ന സമിതി റിപ്പോർട്ടിന്റെ ആദ്യ ഭാഗത്തു തന്നെ ഉൾപ്പെടുത്തുവാൻ സമിതി നിർദ്ദേശിച്ചു.

നിലവിൽ 'കാട്ടുതീ' പ്രതിരോധിക്കുന്നതിനായി സ്വീകരിക്കുന്ന നടപടികളെ സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, കഴിഞ്ഞ രണ്ട് വർഷമായി കാട്ടുതീ പ്രതിരോധിക്കുന്നതിനായി വളരെ കാര്യക്ഷമമായ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നതെന്നും രാജ്യത്ത് ആദ്യമായി ഒരു ഫയർ ട്രെയിനിംഗ് സെന്റർ 1980 കളുടെ തുടക്കത്തിൽ കേരളത്തിലാണ് ആരംഭിച്ചതെങ്കിലും കഴിഞ്ഞ പത്തിരുപത് വർഷങ്ങളായി അവിടെ യാതൊരു പ്രവർത്തനങ്ങളും നടപ്പിലാക്കാൻ സാധിക്കാത്ത അവസ്ഥയാണുള്ളതെന്നും രണ്ട് വർഷം മുമ്പ് മുതൽ ഫോറസ്റ്റ് സർവ്വേ ഓഫ് ഇൻഡ്യ സാറ്റലൈറ്റ് ഉപയോഗിച്ച് വളരെ സൂക്ഷ്മമായി നിരീക്ഷണം നടത്തുന്നുണ്ടെന്നും ഇതിന്റെ ഭാഗമായി എല്ലാ നാല് മണിക്കൂറും ഇടവിട്ട് ഉപഗ്രഹം വനത്തിന് മുകളിൽ കൂടി 'കാട്ടുതീ' നിരീക്ഷണം നടത്തുകയും കാട്ടുതീ ശ്രദ്ധയിൽപ്പെടുന്ന അവസരത്തിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് എസ്.എം.എസ്. മുഖേന അറിയിപ്പ് നൽകുകയും, പ്രസ്തുത മെസ്സേജുകൾ ജില്ലാ/ഡിവിഷൻ തലത്തിലുള്ള കേന്ദ്രങ്ങളിലും സംസ്ഥാനത്ത് കേന്ദ്രീകൃതമായും ശേഖരിക്കുകയും ഇതുവഴി വളരെ വേഗം തുടർനടപടികൾ സ്വീകരിക്കുന്നതിന് സാഹചര്യം ഉണ്ടാകുന്നുവെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് മറുപടി നൽകി.

ഈ സംവിധാനത്തിലൂടെ വനം വകുപ്പിന് പ്രത്യേക വിവരങ്ങൾ ലഭ്യമായിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, 24 മണിക്കൂറും ഓട്ടോമാറ്റിക് ആയി വളരെ സഹായകരമായ വിവരങ്ങളാണ് ഇതിലൂടെ ലഭിക്കുന്നതെന്നും വനത്തിനുള്ളിലേയ്ക്ക് മനുഷ്യന് ചെന്നെത്താൻ സാധിക്കാത്ത സ്ഥലങ്ങളിൽ സംഭവിക്കുന്ന കാട്ടുതീയെ സംബന്ധിച്ച ഇത്തരം മുന്നറിയിപ്പുകൾ വളരെ സഹായകരമാണെന്നും ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭാഗമായി നാമമാത്രമായി പ്രവർത്തിക്കുന്ന ഫയർ ട്രെയിനിംഗ് സെന്റർ പുനരുജ്ജീവിപ്പിച്ച് ഫുൾ ട്രെയിനിംഗ് സെന്ററായി വികസിപ്പിക്കണമെന്ന ആശയം നിലനിൽക്കുന്നുണ്ടെന്നും അദ്ദേഹം മറുപടി നൽകി.

വനം വകുപ്പിന് എത്തിപ്പെടാൻ സാധിക്കാത്ത സ്ഥലങ്ങളിലെ തീ അണയ്ക്കുന്നതിനുള്ള സംവിധാനങ്ങളെക്കുറിച്ചുള്ള ചോദ്യത്തിന് കാട്ടുതീ അണയ്ക്കുന്നതിനായി 2017 മാർച്ച് മാസത്തിൽ ബഹു. മുഖ്യമന്ത്രിയുടെ നിർദ്ദേശത്തെ തുടർന്ന് ആദ്യമായി ഹെലികോപ്റ്ററിന്റെ സഹായം ലഭ്യമാക്കിയിരുന്നുവെന്നും എന്നാൽ ഇതിലൂടെ കൂടുതൽ പ്രയോജനമൊന്നും ലഭിക്കുന്നില്ലെന്നും നിലവിലുള്ള സാഹചര്യത്തിൽ കാട്ടുതീ വരാതിരിക്കുക എന്നതാണ് 99 ശതമാനവും ഫലപ്രദമായ ഏക മാർഗ്ഗമെന്നും, 'കാട്ടുതീ' വന്നുകഴിഞ്ഞാൽ അടിയന്തരമായി തീ അണയ്ക്കുന്നതിന് മാർഗ്ഗങ്ങളൊന്നുമില്ലെന്നും പണ്ട് കാലത്ത് മരത്തിന്റെ ചില്ലകൾ മുറിച്ച് അടിച്ചായിരുന്നു തീ കുറച്ചെങ്കിലും നിയന്ത്രണ വിധേയമാക്കിയിരുന്നതെങ്കിൽ ഇപ്പോൾ റബ്ബർ പോളിന്റെ അറ്റത്ത് റബ്ബർ ടയർപീസ് ഘടിപ്പിച്ച റബ്ബർ ബീറ്റേഴ്സാണ് ഉപയോഗിക്കുന്നതെന്നും ഇത് ചില്ലകളെക്കാൾ കുറച്ചുകൂടി ഫലപ്രദമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കേരളത്തിലെ എത്ര മാത്രം വനമേഖല കഴിഞ്ഞ സീസണിലെ കാട്ടുതീയുടെ ഫലമായി നഷ്ടപ്പെട്ടുവെന്ന് സമിതി ആരാഞ്ഞതിന്, മഴ കുറവായിരുന്നതിനാൽ 2017-ൽ വളരെ ഗുരുതരമായ കാട്ടുതീ ഉണ്ടാകുമെന്ന മുന്നറിയിപ്പുണ്ടായിരുന്നുവെങ്കിലും, മുമ്പത്തെ രണ്ട് വർഷങ്ങളെക്കാളും 50 ശതമാനത്തോളം കൂടുതൽ മേഖലയിൽ, ഏകദേശം മൂവായിരത്തോളം ഹെക്ടർ സ്ഥലത്ത് കാട്ടുതീ ഉണ്ടായിട്ടുണ്ടെന്നും, എന്നാൽ വളരെ സൂക്ഷ്മമായി നിരീക്ഷണം നടത്തുകയും നേരത്തെ തന്നെ നടപടികൾ സ്വീകരിക്കുകയും ചെയ്തതിനാൽ 2018-ൽ ഏകദേശം 1200 ഹെക്ടർ സ്ഥലത്ത് മാത്രമേ കാട്ടുതീ ഉണ്ടായിട്ടുള്ളൂവെന്നും, കാട്ടുതീമൂലമുണ്ടാകുന്ന നഷ്ടം കണക്കാക്കുന്നതിന് പ്രത്യേകിച്ച് സംവിധാനങ്ങളൊന്നും നിലവിലില്ലെന്നും മരങ്ങൾ കത്തി നശിക്കുമ്പോഴുണ്ടാകുന്ന നഷ്ടത്തിന്റെ കണക്ക് വനം വകുപ്പിനുണ്ടെങ്കിലും ഒരേക്കർ കാട് കാട്ടുതീയിലൂടെ നശിക്കുമ്പോൾ നഷ്ടം സംഭവിക്കുന്നത് ജൈവവൈവിദ്ധ്യത്തിനും മണ്ണിനും മാത്രമല്ല, മണ്ണൊലിപ്പ് വർദ്ധിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാകുകയാണെന്നും വനം വകുപ്പ് ഉദ്യോഗസ്ഥൻ വിശദീകരിച്ചു.

കാട്ടുതീ ഉണ്ടാകുന്നതിന്റെ ഫലമായി പുൽമേടുകൾ കത്തി നശിക്കുന്നത് പുതുതായി കൂടുതൽ പുൽമേടുകൾ വളരുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുന്നില്ലേയെന്ന സമിതിയുടെ ചോദ്യത്തിന്, വന്യജീവി വനമേഖലയിൽ കുറച്ചൊക്കെ തീ ഉണ്ടാകുന്നത് ആവശ്യമാണെന്നും പുൽമേടുകൾ തീ പിടിച്ച് കത്തിനശിച്ച് കഴിഞ്ഞാൽ അടുത്ത സീസണിൽ അവിടെ വീണ്ടും പുതിയ പുല്ല് മുളച്ചുവരുമെന്നും, എങ്കിൽ മാത്രമേ അവിടെ ആനകൾക്കും മറ്റ് സസ്യഭുക്കുകൾക്കും വസിക്കാൻ സാധിക്കുകയുള്ളൂവെന്നും, വേനലിന്റെ അതികാഠിന്യമുള്ള സമയങ്ങളിൽ, പുൽമേടുകൾ കത്തിനശിക്കുന്ന പ്രശ്നം ഒഴിവാക്കുന്നതിനുവേണ്ടി ഡിസംബർ, ജനുവരി മാസങ്ങളിൽ ചെറിയ നനവുള്ള സമയത്ത്

വനമേഖലയിലെ കുറച്ചു ഭാഗം തീ കത്തിക്കുന്നതുവഴി, മണ്ണ് കുട്ട പിടിക്കുന്നത് ഒഴിവാക്കാൻ സാധിക്കുമെന്നും അവിടെയുള്ള പുല്ല് കത്തിപ്പോകുന്നതിനാൽ പിന്നീട് വലിയ കാട്ടുതീ ഉണ്ടാകുന്നതിനുള്ള സാധ്യത ഇതുവഴി കുറയ്ക്കുവാൻ സാധിക്കുമെന്നും അതോടൊപ്പം പുതുതായി വീണ്ടും പുൽച്ചെടി മുളച്ചുവരുന്നത് വന്യജീവികൾക്ക് ഭക്ഷണമാകുമെന്നും അദ്ദേഹം വിശദീകരിച്ചു.

വിദേശ രാജ്യങ്ങളിലെ വലിയ തോതിലുള്ള കാട്ടുതീ പ്രതിരോധ രീതികളെക്കുറിച്ചും അതുമായി ബന്ധപ്പെട്ട പ്രത്യാഘാതങ്ങൾ എന്തെല്ലാമെന്നത് സംബന്ധിച്ചും പഠനം നടത്തുന്നത് ഉചിതമായിരിക്കുമെന്ന് സമിതി അഭിപ്രായപ്പെട്ടു.

കഴിഞ്ഞ രണ്ട് വർഷമായി ഫയർ ആന്റ് റെസ്ക്യൂ സെന്ററുമായി ചേർന്ന് കാട്ടുതീ നിയന്ത്രിക്കുന്നതിനുള്ള ട്രെയിനിംഗ് നൽകി വരുന്നുണ്ടെന്നും ഫയർ ട്രെയിനിംഗ് സെന്റർ പൂർണ്ണമായും പ്രാവർത്തികമാക്കുന്ന അവസരത്തിൽ അവർക്ക് ഈ വിഷയത്തിന്മേൽ വിശദമായ പരിശീലനം നൽകാമെന്നും വനം വന്യജീവി വകുപ്പ് ഉദ്യോഗസ്ഥൻ മറുപടി നൽകി.

തീ അണയ്ക്കുന്നതിന് സഹായകരമായ വാതകങ്ങളുടെ ഉപയോഗത്തെക്കുറിച്ച് ആരാഞ്ഞതിന്, ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എയർപോർട്ടിലും, ഇൻഡസ്ട്രിയൽ ഏരിയയിലും മറ്റും തീപിടുത്തമുണ്ടാകുമ്പോൾ ഫോഗ് ഉപയോഗിച്ച് തീ കെടുത്തുന്ന മാതൃകയുടെ വിവിധ സാധ്യതകൾ പരിശോധിക്കണമെന്ന് നിർദ്ദേശിച്ചതിന്റെയടിസ്ഥാനത്തിൽ വനം വകുപ്പ് എയർപോർട്ട് ഡയറക്ടറുമായി ബന്ധപ്പെട്ടെങ്കിലും അവർ ഉപയോഗിക്കുന്ന സംവിധാനങ്ങൾ വളരെ ചെലവേറിയതും തീപിടുത്തം ഉണ്ടാകുന്ന പ്രദേശത്ത് മാത്രമായി കേന്ദ്രീകരിക്കുന്ന തരത്തിലുള്ളതാണെന്നും ഉദ്യോഗസ്ഥർ അറിയിച്ചു.

തീ കെടുത്തുന്നതിനായി ശ്രമിക്കുന്നവർ ഏകദേശം ഒരു മണിക്കൂർ ആകുമ്പോൾ തന്നെ ക്ഷീണിക്കുന്നതിനാൽ, അവർക്ക് ആവശ്യമായ ഭക്ഷണവും വെള്ളവും എത്തിക്കാനുള്ള സംവിധാനത്തിന്റെ ഭാഗമായി മുമ്പിലും പുറകിലുമായി 1500 ലിറ്ററോളം കപ്പാസിറ്റിയുള്ള ബോക്സുകൾ ഘടിപ്പിച്ച ട്രാക്ടർ മാതൃകയിലുള്ള വാഹനം ഡിസൈൻ ചെയ്യാനുള്ള ശ്രമത്തിലാണെന്ന് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

കാട്ടുതീ പ്രതിരോധിക്കുന്നതിനായി അടിയന്തര ഘട്ടങ്ങളിൽ ഹെലികോപ്റ്റർ വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുന്നതിന്റെ സാധ്യത ആരാഞ്ഞതിന് ഹെലികോപ്റ്ററിന് യഥാർത്ഥ ലൊക്കേഷനിലേയ്ക്ക് താഴ്ന്നുപറന്ന് വെള്ളം തളിക്കാൻ സാധിക്കാത്തതിനാൽ കൃത്യമായി തീയുടെ മുകളിൽ വെള്ളം വീഴാതെ, ഹെലികോപ്റ്റർ ഉപയോഗിക്കുന്നതിന്റെ ഫലം ലഭിക്കാതെ വരുന്നുവെന്നും വനം വകുപ്പ് ഉദ്യോഗസ്ഥൻ മറുപടി നൽകി.

എൽ.എ. പട്ടയം ലഭിച്ച സ്ഥലത്ത് വച്ചുപിടിപ്പിച്ചിട്ടുള്ള വൃക്ഷങ്ങൾ മുറിക്കുന്നതിന് അനുവാദം നൽകാത്തത് സംബന്ധിച്ച വിഷയം സമിതിയംഗം ഉന്നയിച്ചതിൽ പട്ടയ ഭൂമിയിലെ കശുമാവ്, റബ്ബർ തുടങ്ങിയ വൃക്ഷങ്ങൾ മുറിച്ച് മാറ്റുന്നതിന് യാതൊരു തടസ്സവുമില്ലെന്ന് വനം വന്യജീവി വകുപ്പ് ഉദ്യോഗസ്ഥൻ മറുപടി നൽകി. പട്ടയ ഭൂമിയിൽ നിൽക്കുന്ന ഇത്തരം മരങ്ങൾ മുറിക്കാൻ അനുവദിക്കാതിരിക്കുന്നത് ഗവൺമെന്റിന്റെ നയമല്ലെന്ന് ചെയർമാനും വ്യക്തമാക്കി.

പട്ടയം നൽകുന്ന സമയത്ത് റിസർവ് ചെയ്തിട്ടുള്ള വൃക്ഷങ്ങൾ മുറിക്കാൻ പാടില്ലെന്നാണ് വ്യവസ്ഥയെങ്കിലും 'സ്വാഭാവികമായി വളർന്നുവരുന്നതും വച്ചു പിടിപ്പിക്കുന്നതുമായ വൃക്ഷങ്ങൾ മുറിക്കാൻ പാടില്ല' എന്ന പട്ടയത്തിലെ വാചകമാണ് ബുദ്ധിമുട്ടുണ്ടാക്കുന്നതെന്നും ഈ വാചകം ഒഴിവാക്കിയാൽ മാത്രമേ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കുകയുള്ളുവെന്നും സമിതി നിരീക്ഷിച്ചു

പട്ടയത്തിലെ വ്യവസ്ഥ ചൂണ്ടിക്കാണിച്ച് കൊണ്ടുള്ള ചില ഉദ്യോഗസ്ഥരുടെ കടുംപിടിത്തമാണ് സാധാരണക്കാർക്ക് പ്രയാസം സൃഷ്ടിക്കുന്നതെന്നും, ഉന്നതതലത്തിൽ നിന്നും ഇടപെടൽ ഉണ്ടായില്ലെങ്കിൽ ഇത് മറ്റ് പ്രശ്നങ്ങൾക്ക് കാരണമാകുമെന്നും സമിതി നിരീക്ഷിച്ചു.

സ്വകാര്യ വ്യക്തികളുടെ പട്ടയ ഭൂമിയിലെ വൃക്ഷങ്ങളുടെ കാര്യത്തിൽ കർശന നിലപാട് സ്വീകരിക്കാറില്ലെന്നും ലീസിനും മറ്റും കൊടുത്തിട്ടുള്ള എസ്റ്റേറ്റുകളിൽ നിൽക്കുന്ന വൃക്ഷങ്ങളുടെ കാര്യത്തിലാണ് നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നതെന്നും വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി.

പട്ടയ ഭൂമിയിലെ തേക്ക്, ഈട്ടി, ചന്ദനം തുടങ്ങിയ ഇനങ്ങളിലുള്ള വൃക്ഷങ്ങൾ മുറിച്ച് മാറ്റുന്നതിനാണ് അനുവാദം നൽകാത്തതെന്നും നട്ടുപിടിപ്പിച്ച മറ്റുള്ള വൃക്ഷങ്ങൾ മുറിച്ചുമാറ്റുന്നതിന് യാതൊരു തടസ്സവുമില്ലെന്നും നിലവിലെ വിഷയം വിശദമായി പരിശോധിച്ച ശേഷം ബഹു. അംഗത്തെ നേരിട്ട് വിവരം അറിയിക്കാമെന്നും വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

തുടർന്ന്, യോഗത്തിലെ ചർച്ചാ വിഷയമായ വന്യജീവി ആവാസ കേന്ദ്രങ്ങളുടെ സമഗ്ര വികസനത്തിനായുള്ള വിവിധ പദ്ധതികളെക്കുറിച്ച് സമിതി വനം വകുപ്പ് ഉദ്യോഗസ്ഥരുമായി വിശദമായ ചർച്ച നടത്തുകയുണ്ടായി.

വന്യജീവി ആവാസ വ്യവസ്ഥകളുടെ സംയോജിത വികസന പദ്ധതി (Integrated development of Wildlife Habitat) യിലൂടെ വന്യജീവി ആവാസ വ്യവസ്ഥയുടെ സംരക്ഷണം, അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, വന്യജീവി പരിപാലനം, ആവാസ വ്യവസ്ഥയുടെ നിലവാരം മെച്ചപ്പെടുത്തൽ, മനുഷ്യനും വന്യജീവികളും തമ്മിലുള്ള

സംഘർഷം ലഘൂകരിക്കൽ, ഗവേഷണ പഠനങ്ങൾ, ബോധവൽക്കരണ പരിപാടികൾ എന്നിവയാണ് നടപ്പിലാക്കുന്നതെന്നും, 1978 മുതൽ കേന്ദ്ര ധനസഹായത്തോടെ (60%) വംശനാശ ഭീഷണി നേരിടുന്ന കടുവകളുടെ ആവാസ വ്യവസ്ഥ സംരക്ഷിക്കുന്നതിലൂടെ മറ്റു ജീവജാലങ്ങളുടെ സംരക്ഷണം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിവരുന്ന 'പ്രോജക്ട് ടൈഗർ' എന്ന പദ്ധതിയെക്കുറിച്ചും, വംശനാശ ഭീഷണി നേരിടുന്ന ആനകളുടെ സംരക്ഷണത്തിനായി 1992-ൽ ആരംഭിച്ച പ്രോജക്ട് എലിഫന്റ് എന്ന പദ്ധതിയെക്കുറിച്ചും, ഒരു മേഖലയുടെ ജൈവവൈവിദ്ധ്യവും സംസ്കാരിക വൈവിദ്ധ്യവും സംരക്ഷിക്കുന്നതിനും, സമീപവാസികളുടെ സുസ്ഥിരമായ സാമ്പത്തിക വികസനം ലക്ഷ്യമിട്ടുകൊണ്ട് UNESCO ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയായ ബയോസ്ഫിയർ റിസർവ്വുകളെക്കുറിച്ചും, വയനാട് വന്യജീവി സങ്കേതത്തിൽ താമസിക്കുന്നവർക്കായി നടപ്പിലാക്കുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയെക്കുറിച്ചും സംസ്ഥാന സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളായ ഇക്കോ ഡെവലപ്മെന്റ് പ്രോഗ്രാം, ജൈവവൈവിദ്ധ്യ സംരക്ഷണം എന്നിവയെക്കുറിച്ചും സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിവരങ്ങൾ മനസ്സിലാക്കുകയും, അതിൻപ്രകാരം, വന്യജീവി ആവാസ കേന്ദ്രങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് ആനത്താരകൾ പുനരുദ്ധരിക്കുക, വന്യജീവി സംരക്ഷണ മേഖലകളോട് ചേർന്ന് കിടക്കുന്ന ആൾക്കാരെ ഉഭയ സമ്മത പ്രകാരം നഷ്ടപരിഹാരം നൽകി പുനരധിവസിപ്പിക്കുക, സംരക്ഷിത വനത്തിനകത്ത് സ്ഥിതി ചെയ്യുന്ന സ്വകാര്യ തോട്ടങ്ങൾ നഷ്ട പരിഹാരം നൽകി ഏറ്റെടുത്ത് സംരക്ഷിത മേഖലയാക്കി മാറ്റുക സ്വകാര്യ മേഖലയിലെ തോട്ടങ്ങളെ നഷ്ടപരിഹാരം നൽകി സ്വാഭാവിക വനങ്ങളായി മാറ്റുക, സ്വാഭാവിക വനങ്ങൾക്കുള്ളിലെ വന്യജീവികളുടെ ആവാസ വ്യവസ്ഥ സമ്പുഷ്ടമാക്കുന്നതിനായുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക, കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾക്ക് നൂതന മാർഗ്ഗങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുക, വന്യജീവി സംരക്ഷിത പ്രദേശങ്ങൾ നേരിടുന്ന അധിനിവേശ സസ്യങ്ങളുടെ കടന്നു കയറ്റം തടയുന്നതിനാവശ്യമായ പദ്ധതികൾ രൂപകൽപ്പന ചെയ്ത് നടപ്പിലാക്കുക, വന്യജീവികളുടെ സാന്നിദ്ധ്യവും സഞ്ചാരവും നിരീക്ഷിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക, വന്യജീവി കണക്കെടുപ്പുകൾ സമയബന്ധിതമായി പൂർത്തിയാക്കുക, വന്യജീവി സങ്കേതങ്ങളിലെ ജീവനക്കാർക്ക് വന്യജീവി പരിപാലനത്തിൽ ശാസ്ത്രീയ പരിശീലനം നൽകുക, സംരക്ഷിത മേഖലകളിലെ ജൈവവൈവിദ്ധ്യ സംരക്ഷണം സംബന്ധിച്ച ഗവേഷണ ഫലങ്ങൾ മാനേജ്മെന്റ് പ്ലാനിൽ ഉൾക്കൊള്ളിച്ച് ഓരോ പ്രധാന ജീവജാലങ്ങൾക്കും ആവശ്യമായ സംരക്ഷണ പദ്ധതി വിഭാവനം ചെയ്യുക തുടങ്ങിയ കാര്യങ്ങൾ സമയബന്ധിതമായി നടപ്പാക്കണമെന്ന് സമിതി നിർദ്ദേശിച്ചു കൂടാതെ, കേന്ദ്രസഹായം ലഭിക്കാതെ വരുന്ന സാഹചര്യങ്ങളിൽ വന്യജീവി സങ്കേതങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് വരും വർഷങ്ങളിലേയ്ക്കായി ഒരു പ്രത്യേക ബഡ്ജറ്റ് ശീർഷകത്തിൽ തുക അനുവദിക്കേണ്ട താണെന്നും സമിതി അഭിപ്രായപ്പെട്ടു

വന്യജീവി ആവാസ കേന്ദ്രങ്ങളുടെ സമഗ്ര വികസനവുമായി ബന്ധപ്പെട്ട് സമിതി അംഗങ്ങൾക്കുള്ള നിർദ്ദേശങ്ങൾ നിയമസഭാ സെക്രട്ടേറിയറ്റിന് സമർപ്പിക്കാവുന്നതാണെന്ന് ചെയർമാൻ അറിയിച്ചു.

മലക്കപ്പാറ ഭാഗങ്ങളിലെ രൂക്ഷമായ ആന ശല്യം പ്രതിരോധിക്കുന്നതിനായി സ്പെഷ്യൽ ആർ.ആർ.റ്റി. (Repaid Response Team) രൂപീകരിക്കുന്നതിലെ കാലതാമസം സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, ഇതു സംബന്ധിച്ച പ്രോപ്പോസൽ പരിഗണനയിലാണെന്നും പോസ്റ്റ് ക്രിയേഷനുമായി ബന്ധപ്പെട്ട പ്രശ്നം നിലനിൽക്കുകയാണെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് വ്യക്തമാക്കി.

ജനവാസ മേഖലകളുൾപ്പെടുന്ന കൃഷിയിടങ്ങളിലെത്തുന്ന പന്നി, കുരങ്ങ് എന്നീ മൃഗങ്ങളുടെ ശല്യം ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട വിഷയം സമിതി ചർച്ച ചെയ്യുകയും പ്രസ്തുത വിഷയം പല തവണ നിയമസഭയിൽ ചർച്ച ചെയ്തതാണെന്നും ഇത്തരം മൃഗങ്ങളുടെ എണ്ണം ക്രമീകരിക്കുന്നതിന് കേന്ദ്രഗവൺമെന്റിൽ നിന്നും അനുവാദം വാങ്ങേണ്ടതാണെന്നും മൃഗങ്ങളുടെ സംരക്ഷണം മുൻനിർത്തി പ്രത്യേക ഏരിയ നിർണ്ണയിച്ച് വനാതിർത്തിയിൽ നിന്നും 500 മീറ്റർ പുറത്തേയ്ക്ക് വരുന്ന ഇത്തരം മൃഗങ്ങളെ ക്രമീകരിക്കുന്നതിനുള്ള അനുവാദം കേന്ദ്ര സർക്കാരിൽ നിന്നും തേടണമെന്നും ചെയർമാൻ ആവശ്യപ്പെട്ടു.

അതിനുള്ള ശ്രമങ്ങൾ നടത്താമെന്നും ഒന്നോ രണ്ടോ മാസത്തേയ്ക്ക് താൽക്കാലികമായി Vermin Category-യിലേക്ക് ഇവയെ മാറ്റുന്നതിനുള്ള അനുവാദം കേന്ദ്രഗവൺമെന്റിൽ നിന്നും ലഭിക്കുവാനുള്ള സാധ്യത കുറവാണെന്നും നമ്മൾ ശക്തമായി ശിപാർശ ചെയ്യുമെങ്കിലും തീരുമാനമെടുക്കുമ്പോൾ പല ഘടകങ്ങളും പരിശോധിക്കപ്പെടുമെന്നും പ്രസ്തുത ആവശ്യം കേന്ദ്ര സർക്കാരിനെ അറിയിച്ച് നിലവിലുള്ള നിയമത്തിൽ എന്ത് മാറ്റം വരുത്തുവാൻ സാധിക്കുമെന്ന് ആരായാമെന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് മറുപടി നൽകി.

വനത്തിനുള്ളിൽ നിന്നും ജനവാസകേന്ദ്രങ്ങളിലെത്തി, മനുഷ്യരെ ആക്രമിക്കുന്ന മൃഗങ്ങളെ പ്രതിരോധിക്കുന്നതിനുള്ള ഫലവത്തായ മാർഗ്ഗങ്ങളെക്കുറിച്ച് ആലോചിക്കേണ്ടതാണെന്നും ഇവയെ പ്രതിരോധിക്കുന്നതിനുള്ള അനുവാദം പൊതുജനങ്ങൾക്ക് നൽകുന്നത് പ്രശ്നം രൂക്ഷമാകുന്നതിന് കാരണമാകുമെന്നും പ്രസ്തുത അധികാരം ദുർവിനിയോഗം ചെയ്യാൻ സാധ്യത കൂടുതലാണെന്നും ചെയർമാൻ അഭിപ്രായപ്പെട്ടു

പന്നി, കുരങ്ങ് എന്നിവയുടെ ശല്യം ക്രമാതീതമായി വർദ്ധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് നിലവിലുള്ള ഉത്തരവിൽ പ്രായോഗികമായ ഭേദഗതി വരുത്തി പ്രസ്തുത മൃഗങ്ങളെ വെർമിൻ കാറ്റഗറിയിലുൾപ്പെടുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

യോഗം രാവിലെ 11.40-ന് പിരിഞ്ഞു.

## 19-2-2019-ലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 2019 ഫെബ്രുവരി മാസം 19-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജുവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. ബി.ഡി. ദേവസ്സി, എം.എൽ.എ.
2. ശ്രീ. എൽദോ എബ്രഹാം, എം.എൽ.എ.
3. ശ്രീ. സണ്ണി ജോസഫ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീമതി എസ്. ഷാഹിന, ജോയിന്റ് സെക്രട്ടറി
2. ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. റ്റി. എസ്. പ്രേമാനന്ദ്, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ഡോ. എ. ജയതിലക്, പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണം, വനം വന്യജീവി വകുപ്പ്.
2. ശ്രീമതി കല എസ്. വി., അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്.
3. ശ്രീമതി വൽസ വി., അഡീഷണൽ സെക്രട്ടറി, പരിസ്ഥിതി വകുപ്പ്.
4. ശ്രീ. അനിരുദ്ധ് കുമാർ ധരണി, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (എഫ്.എം.) വനം വന്യജീവി വകുപ്പ്.
5. ശ്രീ. കെ. എ. മുഹമ്മദ് നൗഷാദ്, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (എസ്.എഫ്.) വനം വന്യജീവി വകുപ്പ്.
6. ശ്രീ. ബെന്നിച്ചൻ തോമസ്, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ് ലാന്റ് & റിസോഴ്സ്) വനം വന്യജീവി വകുപ്പ്.
7. ശ്രീ. എസ്. ഗോപാലകൃഷ്ണൻ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (എഫ്.ബി.എ.) (ഇൻ-ചാർജ്) വനം വന്യജീവി വകുപ്പ്.

8. ശ്രീമതി എസ്. ശ്രീകല, മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്.

9. ശ്രീ. സുരേന്ദ്ര കുമാർ, ചീഫ് വൈൽഡ് ലൈഫ് വാർഡൻ, വനം വന്യജീവി വകുപ്പ്.

10. ശ്രീമതി റ്റി. കാഞ്ചന, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

11. ശ്രീ. എ. ഷിബു, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

12. ശ്രീ. എസ്. സി. ജോഷി, ചെയർമാൻ, കേരള സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡ്.

13. ശ്രീമതി ബിന്ദു രാധാകൃഷ്ണൻ, സീനിയർ എൻവയോൺമെന്റൽ എഞ്ചിനീയർ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്.

14. ശ്രീ. പി. കെ. ബാബുരാജൻ, ചീഫ് എൻവയോൺമെന്റൽ എഞ്ചിനീയർ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്.

സമിതി, 2019-2020 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ സമിതിയുടെ പരിഗണനയിൽ വരുന്ന XXXIV, XVII, XX എന്നീ ധനാഭ്യർത്ഥനകളുടെ വിവിധ ശീർഷകങ്ങൾ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

കേരളത്തിന്റെ ആകെ വിസ്തൃതിയുടെ മൂന്നിലൊരു ഭാഗം കൈവശമുള്ള വനം വകുപ്പിന് ലഭിക്കുന്ന ബഡ്ജറ്റ് വിഹിതം വെറും ഒരു ശതമാനം മാത്രമാണെന്നും, 2019-2020 വർഷത്തെ ചെലവുകൾക്കായി പദ്ധതിയിനത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതമായ 33 കോടി രൂപ ഉൾപ്പെടെ ആകെ 241.50 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നതെന്നും പ്രസ്തുത തുക 50 ഹെഡ് ഓഫ് അക്കൗണ്ടുകളിലായി ലഭിക്കുന്നുണ്ടെന്നും വനം വന്യജീവി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ആമുഖമായി വ്യക്തമാക്കി.

ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക മുഴുവനും പദ്ധതി പൂർത്തീകരണത്തിന് പര്യാപ്തമാണോയെന്ന് സമിതി ആരാഞ്ഞതിന്, പര്യാപ്തമല്ലെന്ന് മാത്രമല്ല പല പദ്ധതികളും പൂർത്തിയാക്കാൻ പണം തികയാതെ വരുന്ന സന്ദർഭങ്ങളിൽ മറ്റ് സ്രോതസ്സുകളായ കിഫ്ബി, ട്രൈഫെഡ് എന്നിവിടങ്ങളിൽ നിന്ന് ഫണ്ട് കണ്ടെത്തുകയാണെന്നും വനം വകുപ്പ് ഉദ്യോഗസ്ഥൻ മറുപടി നൽകി.

വനസംരക്ഷണത്തിനായി ജണ്ട കെട്ടുന്ന പ്രവർത്തിക്കായി മുൻ വർഷത്തേക്കാൾ കൂടുതൽ തുക വകയിരുത്തിയിട്ടുണ്ടോയെന്നും, കഴിഞ്ഞ വർഷം വനസംരക്ഷണത്തിനായി വകയിരുത്തിയ മുഴുവൻ തുകയും ചെലവാക്കിയിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞതിന്; നിലവിൽ ബഡ്ജറ്റ് വിഹിതമായി 28 കോടി രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും 2 കോടി രൂപ കൂടി അധികമായി ആവശ്യപ്പെടുന്നുവെന്നും, പൂർത്തിയാക്കിയ പണികളുടെ ബില്ലുകൾ ഇനിയും മാറിക്കിട്ടുവാനുണ്ടെന്നും പ്രസ്തുത ബില്ലുകൾ കൂടി പാസ്സാക്കിയാൽ 100% തുകയും ചെലവാക്കുമെന്നും വനം വകുപ്പ് ഉദ്യോഗസ്ഥൻ മറുപടി നൽകി.

വന്യജീവികളുടെ ആക്രമണംമൂലം അംഗവൈകല്യം സംഭവിച്ചവർക്കും, ജീവഹാനി നേരിട്ടവരുടെ നിയമപരമായ അവകാശികൾക്കും നൽകിവരുന്ന നഷ്ടപരിഹാര ധനസഹായം വർദ്ധിപ്പിച്ചതിനനുസരിച്ച് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്; വരുന്ന സാമ്പത്തിക വർഷത്തേയ്ക്ക് 24 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും, മാർച്ച് വരെയുള്ള സാമ്പത്തിക വർഷത്തെ 20 കോടി രൂപ മുഴുവനായും ചെലവാക്കിയിട്ടില്ലെന്നും മാർച്ച് അവസാനത്തോടെ പൂർണ്ണമായും ചെലവാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ധനസഹായത്തിന് അർഹതപ്പെട്ടവരുടെ അപേക്ഷ കിട്ടിക്കഴിഞ്ഞാൽ എത്രയും പെട്ടെന്ന് ധനസഹായം നൽകുന്നതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വന്യജീവി സങ്കേതങ്ങളിലെല്ലാം ഫെൻസിംഗ് നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് ലഭ്യമാണോയെന്ന് സമിതി ആരാഞ്ഞതിന്; കൂടുതൽ പണം ആവശ്യപ്പെട്ടാലും അത് ചെലവാക്കുന്നതിന് വകുപ്പിന് പരിധിയുണ്ടെന്നും, കൂടുതൽ തുക അനുവദിച്ചാലും, ഒരു വർഷത്തിനകം അത് പൂർണ്ണമായും ചെലവാക്കാൻ സാധിക്കാതെ വരുന്ന സാഹചര്യം ഉള്ളതിനാൽ ഘട്ടം ഘട്ടമായി മുൻഗണനാക്രമത്തിലാണ് പദ്ധതി വിഹിതം ആവശ്യപ്പെടുന്നതെന്നും വനം വകുപ്പ് ഉദ്യോഗസ്ഥൻ മറുപടി നൽകി.

വയനാട് ജില്ലയിൽ റെയിൽ ഫെൻസിംഗ് ചെയ്തത് ഫലപ്രദമാണോയെന്നും ആണെങ്കിൽ മറ്റു സ്ഥലങ്ങളിലും പ്രസ്തുത പ്രോജക്ട് ആരംഭിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും സമിതി ആരാഞ്ഞതിന്; സോളാർ ഫെൻസിംഗ് ചെയ്തതുകൊണ്ട് മാത്രം കാര്യമില്ലെന്നും സ്ഥിതിഗതികൾ കൂടുതൽ മോശമായ സ്ഥലങ്ങൾ എവിടെയൊക്കെയാണെന്നത് സംബന്ധിച്ച ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും, ഇതു സംബന്ധിച്ച പഠനം നടത്താൻ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വ്യക്തമാക്കി.

ബൗണ്ടറികളിൽ ചെയ്യുന്ന റെയിൽ ഫെൻസിംഗ് എങ്ങനെയാണ് വന്യമൃഗങ്ങൾക്ക് ദോഷകരമാകുന്നതെന്ന സമിതിയുടെ ചോദ്യത്തിന്; വനാതിർത്തികളുടെ ഇടയ്ക്കുവച്ച് വേലികെട്ടിയാൽ ഒരു റെയിഞ്ചിൽ നിന്നും മറ്റൊരു റെയിഞ്ചിലേയ്ക്ക് വന്യമൃഗങ്ങൾക്ക്

പോകാൻ സാധിക്കാതെ വരുമെന്നും പഠന റിപ്പോർട്ടിനായി കാത്തിരിക്കുകയാണെങ്കിലും, ആവശ്യമുള്ളപക്ഷം അത്യാവശ്യ നടപടികൾ വകുപ്പ് സ്വീകരിക്കുന്നുണ്ടെന്നും ഉദ്യോഗസ്ഥൻ മറുപടി നൽകി.

വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങളിൽ ആനത്താര പദ്ധതികൾ നടപ്പിലാക്കുന്നതിന് ഔദ്യോഗികമായ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, ഔദ്യോഗികമായ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടെന്നും, പ്രസ്തുത പ്രോജക്റ്റിന് കൂടുതൽ തുക ആവശ്യമുള്ളതിനാൽ കേന്ദ്രസഹായം കൂടി ആവശ്യമുണ്ടെന്നും, ഇതിനായി ഒരു പ്രത്യേക പ്രോജക്റ്റ് തയ്യാറാക്കിയാൽ ചീഫ് സെക്രട്ടറി ഇടപെട്ട് കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് ലഭ്യമാക്കാമെന്ന് ഉറപ്പ് നൽകിയിട്ടുണ്ടെന്നും വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകി.

2018-2019, 2019-2020 വർഷങ്ങളിൽ പദ്ധതിയിനത്തിൽ വകയിരുത്തിയ ബഡ്ജറ്റ് വിഹിതം തമ്മിലുള്ള അന്തരം എത്രയാണെന്ന് സമിതി ആരാഞ്ഞതിന്, 2018-2019 വർഷത്തിൽ 299 കോടി രൂപയും 2019-2020 വർഷത്തിൽ 241 കോടി രൂപയുമാണ് അനുവദിച്ചിരിക്കുന്നതെന്നും എന്നാൽ കേന്ദ്രസഹായത്തോടുകൂടിയുള്ള പല പദ്ധതികളും വകുപ്പ് തയ്യാറാക്കി കേന്ദ്രസർക്കാരിലേയ്ക്ക് അയച്ചാലും കേന്ദ്ര വിഹിതം ലഭിക്കാറില്ലെന്നും ഉദാഹരണമായി നാഷണൽ മിഷൻ ഫോർ ഗ്രീൻ ഇന്ത്യ എന്ന കേന്ദ്ര പദ്ധതിക്ക് 50 കോടി വകയിരുത്തിയിരുന്നതിൽ കേന്ദ്രവിഹിതമായ 30 കോടിയും, സംസ്ഥാന വിഹിതമായ 20 കോടിയും നാളിതുവരെ ലഭിച്ചിട്ടില്ലെന്നും വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി.

പ്രളയംമൂലം കെട്ടിടങ്ങളും പാലങ്ങളും റോഡുകളും നശിച്ചതുൾപ്പെടെ വനം വകുപ്പിനുണ്ടായ നഷ്ടം ഏകദേശം 100 കോടി രൂപയാണെന്നും പ്രസ്തുത നഷ്ടം സർക്കാരിനെ അറിയിച്ചിട്ടുണ്ടെന്നും എന്നാൽ റോഡുകളുടെ പുനർനിർമ്മാണത്തിന് നബാർഡിനാണ് പ്രൊപ്പോസൽ നൽകേണ്ടതെന്നുള്ളതിനാൽ ഈസ്റ്റേൺ സർക്കിളിന് 7 കോടി രൂപയും നോർത്തേൺ സർക്കിളിന് 8 കോടി രൂപയും ഉൾപ്പെടെ 15 കോടി രൂപയുടെ പ്രോജക്റ്റ് തയ്യാറാക്കി നബാർഡിന് സമർപ്പിക്കുകയുണ്ടായെങ്കിലും, റോഡിന് ബ്ലാക്ക് ടോപ്പിംഗ് ഇല്ലാത്തതിനാൽ നബാർഡിൽ നിന്ന് ഫണ്ട് ലഭ്യമാകുകയില്ലെന്ന് അറിയിച്ചിട്ടുണ്ടെന്നും, ആയതിനാൽ ബഡ്ജറ്റ് വിഹിതം വിനിയോഗിച്ചുതന്നെ പ്രസ്തുത റോഡുകളുടെ പുനർനിർമ്മാണവും അറ്റകുറ്റപ്പണികളും നടത്തേണ്ടിവരുമെന്നും വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി.

വന്യമൃഗ ശല്യംമൂലം താമസസ്ഥലം വനംവകുപ്പിന് വിട്ടുനൽകുവാൻ തയ്യാറുള്ളവരുടെ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തടസ്സം എന്താണെന്നും അതിനുള്ള ഫണ്ട് ലഭ്യമാണോയെന്നും സമിതി ആരാഞ്ഞു.

നിലവിൽ തടസ്സമൊന്നുമില്ലെന്നും അങ്ങനെ സ്വയം സന്നദ്ധരാകുന്നവരെ പുനരധിവസിപ്പിക്കുന്നതിന് ഒരു പദ്ധതി തയ്യാറാക്കി ലാന്റ് ഐഡന്റിഫൈ ചെയ്യുന്നുണ്ടെന്നും പ്രസ്തുത പദ്ധതി വയനാട്ടിൽ മാത്രമാണ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്നും, ഒരു കുടുംബത്തിന് 10 ലക്ഷം രൂപ നൽകി വനത്തിനുള്ളിൽ നിന്നും മാറ്റിപ്പാർപ്പിക്കുന്ന, കേന്ദ്രവിഹിതം കൂടുതലുള്ള ഈ പദ്ധതിയിലൂടെ 20 കോടി രൂപ ചെലവഴിച്ചുവെങ്കിലും തുടർന്ന് കേന്ദ്ര വിഹിതം ലഭ്യമാകാത്തതിനാൽ പ്രസ്തുത പ്രോജക്ട് തുടർന്നുകൊണ്ടുപോകാൻ കഴിഞ്ഞില്ലെന്നും ചെയർമാൻ വിശദീകരിച്ചു.

വയനാട് ജില്ലയിൽ ആരംഭിച്ച ഈ പദ്ധതി മറ്റു ജില്ലകളിൽ കൂടി വ്യാപിപ്പിക്കേണ്ടതുണ്ടെന്ന വനംവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നിർദ്ദേശത്തിന്മേൽ ഫണ്ടിന്റെ അപര്യാപ്തതയാണ് ഈ പദ്ധതിക്ക് തടസ്സം നിൽക്കുന്നതെന്ന് ചെയർമാൻ മറുപടി നൽകി.

കേന്ദ്രഫണ്ട് ലഭ്യമാകുന്നുണ്ടെങ്കിലും, ഭൂമി ഏറ്റെടുത്ത് നൽകുന്നതിനുള്ള കാലതാമസമാണ് പ്രധാന പ്രശ്നമെന്നും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ നടന്നുവരുന്ന പ്രസ്തുത പ്രവർത്തിക്ക് അദ്ദേഹത്തിന്റെ ഒഴിച്ചുകൂടാനാവാത്ത തിരക്കുകൾ കാരണമാണ് കാലതാമസം നേരിട്ടുകൊണ്ടിരിക്കുന്നതെന്നും അതിനുപകരം ഒരു സ്പെഷ്യൽ ലാന്റ് അക്വിസിഷൻ ഓഫീസറെ ഇതിനായി ചുമതലപ്പെടുത്തുകയാണെങ്കിൽ പ്രസ്തുത കാലതാമസം ഒഴിവാക്കി നടപടികൾ ത്വരിതപ്പെടുത്തുവാൻ സാധിക്കുമെന്നും വനം വകുപ്പ് ഉദ്യോഗസ്ഥൻ സമിതി മുമ്പാകെ വ്യക്തമാക്കി.

ഒരു സ്പെഷ്യൽ തഹസിൽദാരെ നിയമിക്കുന്ന കാര്യം റവന്യൂ മന്ത്രിയുമായി കൂടിയാലോചിച്ച് തീരുമാനമെടുക്കാമെന്ന് ചെയർമാൻ അറിയിച്ചു.

വനത്തിൽ നിന്നും ലഭിക്കുന്ന വരുമാനത്തിന്റെ വിവിധ ഉറവിടങ്ങൾ ഏതൊക്കെയാണെന്നും ഒരു വർഷത്തെ വരുമാനം എത്ര രൂപയാണെന്നും സമിതി ആരാഞ്ഞതിന് വനം വകുപ്പിന്റെ ബഡ്ജറ്റ് വിഹിതം 241 കോടി രൂപയാണെങ്കിലും എൻട്രി ഫീസ്, തടി/തടിയേതര വനവിഭവങ്ങളുടെ വിൽപന മുതലായവവഴി സർക്കാരിലേക്ക് വർഷാവർഷം ഏകദേശം 300 കോടി രൂപ നൽകുന്നുണ്ടെന്നും വനം വകുപ്പ് ഉദ്യോഗസ്ഥൻ മറുപടി നൽകി.

വിദേശത്ത് നിന്നും ഭംഗിയുള്ളതും ഈടു നിൽക്കുന്നതുമായ വില കുറഞ്ഞ തടികൾ നമ്മുടെ നാട്ടിലേക്ക് വൻതോതിൽ ഇറക്കുമതി ചെയ്യുന്നത് കാരണം മുൻ കാലങ്ങളിൽ വളരെയധികം ആവശ്യക്കാരുണ്ടായിരുന്ന 50-ഉം 60-ഉം വർഷം പഴക്കമുള്ള തേക്ക് പോലെയുള്ള തടികൾക്ക് ഇപ്പോൾ ആവശ്യക്കാർ കുറഞ്ഞുവരുന്നതിലൂടെ തടി വിൽപനയിലൂടെയുള്ള വരുമാനത്തിന്റെ തോത് സംബന്ധിച്ച് പഠനം

നടത്തിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് പ്രധാനമായും പ്രകൃതി സംരക്ഷണത്തിനായാണ് വനം സംരക്ഷിക്കുന്നതും പരിപാലിക്കുന്നതെന്നും അതിനാൽ വരുമാനം ലക്ഷ്യമാക്കുന്നില്ലെന്നും നിലവിൽ വനം വകുപ്പിന് 1.5 ലക്ഷം പ്ലാന്റേഷനുകളുള്ളതിൽ 25000 ഹെക്ടർ സ്ഥലത്ത് തേക്ക് മാത്രമാണുള്ളതെന്നും വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി.

60 വർഷത്തിനുമേൽ പഴക്കമുള്ള തടികൾ മുറിച്ചുമാറ്റി ഡിപ്പോകളിൽ ലേലത്തിനായി യഥാസമയം എത്തിക്കുക, അവ നശിച്ചുപോകാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക, ഡിപ്പോകളിൽ എത്തിക്കുന്ന തടി കാലതാമസമില്ലാതെ ലേലം ചെയ്യുക, വില വർദ്ധിച്ച് നിൽക്കുന്ന സമയത്ത് ലേലം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുക എന്നിങ്ങനെയുള്ള കാര്യങ്ങളിൽ അപാകതകളുണ്ടായിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, ഇപ്പോൾ ആർക്കുവേണമെങ്കിലും ഓൺലൈൻ മുഖേന ലേലത്തിൽ പങ്കെടുക്കാവുന്ന തരത്തിൽ ലേലം സുതാര്യമാക്കിയിട്ടുണ്ടെന്നും തടിയുടെ ലഭ്യതക്കുറവ് വരുന്ന സമയം നോക്കി ലേലം നടത്താൻ സാധിക്കാറില്ലെന്നും കേന്ദ്ര ഗവൺമെന്റിൽ സമർപ്പിക്കുന്ന വർക്കിംഗ് പ്ലാനിൽ അപ്രൂവൽ ലഭ്യമായാൽ മാത്രമാണ് 60 വർഷത്തിന്മേൽ പ്രായമുള്ള തേക്കുകൾ മുറിക്കുന്നതെന്നും വനത്തിനുള്ളിൽ ഒരു മരം വീണ് കിടന്നാൽ അതു മാത്രമായി ഡിപ്പോയിൽ കൊണ്ടുവന്ന് ലേലം ചെയ്യുന്നതിന് ചെലവാകുന്ന തുക ചിലപ്പോൾ തടി വിൽക്കുമ്പോൾ ലഭിക്കില്ലെന്നും അതുകൊണ്ട് ഇപ്പോൾ അങ്ങനെയുള്ള മരങ്ങൾ അവിടെ തന്നെ കിടന്ന് നശിക്കുകയാണെന്നും വനം വകുപ്പ് ഉദ്യോഗസ്ഥൻ വ്യക്തമാക്കി.

പറമ്പിക്കുളം ടൈഗർ റിസർവ്വിൽ 90 വർഷത്തോളം പ്രായമുള്ള തേക്ക് മരങ്ങളാണുള്ളതെന്നും, തേക്ക് മരങ്ങളുടെ ബാഹുല്യം കാരണം അവിടെ അടിക്കാട് ഉണ്ടാകുന്നില്ലെന്നതുകൊണ്ട് മൃഗങ്ങളെല്ലാം ഭക്ഷണത്തിനായി ബുദ്ധിമുട്ടുന്ന സ്ഥിതി വിശേഷമാണെന്നും പ്രായമായ തേക്ക് മരങ്ങൾ മുറിച്ചുമാറ്റുന്നതിന് പ്രോജക്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അനുവാദം വാങ്ങിയാൽ അവിടെ മറ്റ് പ്ലാന്റേഷൻ ചെയ്യാമെന്നും അങ്ങനെയാണെങ്കിൽ അവിടെ അടിക്കാട് ഉണ്ടാകുന്ന സ്ഥിതി സംജാതമാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കണ്ണൂർ ഡിവിഷനിൽ കൊട്ടിയൂർ റെയ്ഞ്ചിന്റെയും ആറളം വന്യജീവി സങ്കേതത്തിന്റെയും കീഴിലുള്ള കൂട്ടുപുഴ ഭാഗത്ത് വനാതിർത്തി ലംഘിച്ച് ജണ്ടയും, ട്രഞ്ചും ഉണ്ടാക്കിയിട്ടുണ്ടെന്നും അക്കാര്യം അന്വേഷിച്ച് നടപടി സ്വീകരിക്കണമെന്ന് വനം വകുപ്പ് ഉദ്യോഗസ്ഥനോട് സമിതി നിർദ്ദേശിക്കുകയും അതിന്മേൽ അന്വേഷണം നടത്താമെന്ന് ഉദ്യോഗസ്ഥൻ മറുപടി നൽകുകയും ചെയ്തു.

ജൈവവൈവിദ്ധ്യ പരിപാലന സമിതികളുടെ (BMC) പ്രവർത്തനത്തിന്റെ നിലവിലെ അവസ്ഥയെക്കുറിച്ച് സമിതി ആരായുകയും സംസ്ഥാനത്തൊട്ടാകെ രൂപീകരിച്ച 1034 ജൈവവൈവിദ്ധ്യ പരിപാലന സമിതികളിൽ പത്തോ പതിനഞ്ചോ ശതമാനം

മാത്രമാണ് ആക്ടീവായി പ്രവർത്തിക്കുന്നതെന്നും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഒരു ജൈവ പരിപാലന സമിതി പ്രവർത്തിക്കുന്നുണ്ടെന്നും ഇത്തരം BMC-കളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 40 സമിതികളെ മോഡൽ BMC-കളായി പ്രഖ്യാപിച്ച് ട്രെയിനിംഗ് കൊടുക്കുന്നതിന് തീരുമാനമായിട്ടുണ്ടെന്നും കേരള സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡ് ചെയർമാൻ മറുപടി നൽകി. BMC-കളുടെ പ്രസിഡന്റും സെക്രട്ടറിയുമായി തെരഞ്ഞെടുക്കുന്നത് അതാത് പഞ്ചായത്ത് പ്രസിഡന്റിനെയും സെക്രട്ടറിയെയുമാണെന്നും പലപ്പോഴും ജോലിഭാരം കാരണം ഇവർക്ക് ജൈവ വൈവിദ്ധ്യവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കാര്യക്ഷമമായി ഇടപെടാൻ സാധിക്കാറില്ലെന്നും അദ്ദേഹം തുടർന്നറിയിച്ചു. മഹാപ്രളയത്തിൽ തകർന്ന 183 പഞ്ചായത്തുകൾ സന്ദർശിച്ച് പ്രളയാനന്തര പ്രശ്നങ്ങളെക്കുറിച്ച് ജൈവവൈവിദ്ധ്യ ബോർഡ് നടത്തിയ സർവ്വേ റിപ്പോർട്ട് കാലതാമസം കൂടാതെ ബഹു. മുഖ്യമന്ത്രിക്ക് കൈമാറുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

തുടർന്ന്, സമിതി വനം വന്യജീവി വകുപ്പ് വിവിധ ശീർഷകങ്ങളിലായി ആവശ്യപ്പെട്ടിരിക്കുന്ന അധിക തുകകൾ അനുവദിക്കുന്നതിനെ സംബന്ധിച്ച് വകുപ്പുദ്യോഗസ്ഥന്മാരുമായും ധനകാര്യ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും വിശദമായ ചർച്ച നടത്തുകയുണ്ടായി.

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മനുഷ്യ-മൃഗ സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനും വന്യമൃഗങ്ങൾ മുഖേനയുള്ള കൃഷിനാശവും, മനുഷ്യർക്കും കന്നുകാലികൾക്കും നേരിടേണ്ടിവരുന്ന ആക്രമണവും തടയുന്നതിനായി മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 6 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സംസ്ഥാനത്തെ വനമേഖലയുടെ മെച്ചപ്പെട്ട രീതിയിലുള്ള പരിപാലനത്തിന് വനമേഖലയുടെ ഏകീകരണം, വനാതിർത്തികളുടെ സ്ഥായിയായ വേർതിരിക്കൽ, വനസംരക്ഷണം എന്നിവ അനിവാര്യമാണെന്ന് അഭിപ്രായപ്പെടുകയും ഇതിലേയ്ക്കായി വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമെ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയും ചെയ്തു.

തൃശ്ശൂർ മൃഗശാലയിലെ പക്ഷികളെയും മൃഗങ്ങളെയും ആവശ്യമായ സ്ഥല സൗകര്യമുള്ള മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റി പുനരധിവസിപ്പിക്കുന്നതിനായി പുത്തൂർ വനഭൂമിയിൽ സ്ഥാപിക്കുന്ന പുത്തൂർ സുവോളജിക്കൽ പാർക്ക് വന്യജീവി സംരക്ഷണ ഗവേഷണ കേന്ദ്രത്തിനായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

വനത്തിനുള്ളിലെ റോഡുകളുടെ നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും ഓവുചാലിന്റെ നിർമ്മാണം, സംരക്ഷണ ഭിത്തികളുടെ നിർമ്മാണം എന്നിവയ്ക്കും തുക വകയിരുത്തിയിരിക്കുന്ന റോഡുകൾ എന്ന ശീർഷകത്തിൽ നിന്നും വെള്ളപ്പൊക്കംമൂലം നാശം സംഭവിച്ച റോഡുകളുടെ പുനർ നിർമ്മാണ പ്രവർത്തനങ്ങളും അറ്റകുറ്റപ്പണികളും അടിയന്തരമായി നടത്തേണ്ടതുള്ളതിനാൽ 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഫോറസ്റ്റ് സ്റ്റേഷനുകൾക്ക് ആവശ്യമായ കെട്ടിടങ്ങളുടെ നിർമ്മാണത്തിനും, അറ്റകുറ്റപ്പണികൾക്കും പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി 10 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കേരള വനം വകുപ്പിന്റെ പരിശീലന-വികസന ആവശ്യങ്ങൾക്ക് സഹായം നൽകുന്നതിനായി കേരള കാർഷിക സർവ്വകലാശാലയ്ക്കുള്ള ധനസഹായം 20 ലക്ഷം രൂപ XXIX-ാം നമ്പർ ധനാഭ്യർത്ഥന പ്രകാരം 2415-01-277-86 എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും പ്രസ്തുത തുക വനം വകുപ്പിന്റെ XXXIV-ാം നമ്പർ ധനാഭ്യർത്ഥനയിൽ പുതിയ ശീർഷകം അനുവദിച്ച് ഉൾക്കൊള്ളിക്കണമെന്നും വകുപ്പ് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അപ്രകാരം ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

വന്യമൃഗങ്ങളുടെ ആക്രമണങ്ങൾക്ക് ഇരയാകുന്നവർക്ക് വർദ്ധിച്ച നിരക്കിലുള്ള നഷ്ടപരിഹാരം നൽകുന്നതിനും വിളകൾക്ക് നാശനഷ്ടം സംഭവിക്കുമ്പോൾ ധനസഹായം നൽകുന്നതിനുമായി അധിക തുക ആവശ്യമായതിനാൽ 7.6 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2018-2019 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ആലപ്പുഴ അരൂരിലെ പൊതു മലിനജല ശുദ്ധീകരണ പ്ലാന്റിന് 5 കോടി രൂപ പ്രഖ്യാപിച്ച് ടോക്കൺ പ്രൊവിഷൻ അനുവദിക്കുകയുണ്ടായെങ്കിലും പദ്ധതി തുക അനുവദിക്കുന്നതിന് വേണ്ടി ഭരണാനുമതി ലഭിക്കുന്നതിനുള്ള ശിപാർശ ഇപ്പോഴും ധനകാര്യവകുപ്പിന്റെ പരിഗണനയിലുള്ളതിനാൽ പ്രസ്തുത പദ്ധതിയുടെ പ്രാരംഭ നടപടികൾക്കായി 1 കോടി രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കേരള സംസ്ഥാന ജൈവവൈവിദ്ധ്യ ബോർഡിന്റെ ജൈവവൈവിദ്ധ്യ സംരക്ഷണം എന്ന ശീർഷകത്തിൽ, ജൈവവൈവിദ്ധ്യ പരിപാലന സമിതികളുടെ ശാക്തീകരണവും പ്രാദേശിക തലത്തിൽ ജൈവവൈവിദ്ധ്യ സംരക്ഷണ കർമ്മ പരിപാടികൾക്കും, അടിസ്ഥാന സൗകര്യ വികസനം/ഓപ്പറേഷണൽ ചാർജ്ജസ്, ആവാസ വ്യവസ്ഥകളുടെ വിവരശേഖരണവും ജൈവവൈവിദ്ധ്യ സ്ഥിതി വിവരങ്ങളുടെ വിശദീകരണവും, മലബാർ

ജൈവവൈവിദ്ധ്യ മ്യൂസിയം & ഇൻകുബേഷൻ സെന്റർ, വിഷയാടിസ്ഥാനത്തിലുള്ള ജൈവവൈവിദ്ധ്യ സംരക്ഷണ മേഖലകൾ എന്നിവയും, 2018-19 സാമ്പത്തിക വർഷത്തിൽ പ്ലാൻ വിഹിതത്തിന്റെ 4-ാം ഗഡു അനുവദിക്കുന്നതിനായി സമർപ്പിച്ച പട്ടികയിൽ ഉൾപ്പെട്ടതും, തുക അനുവദിച്ചിട്ടില്ലാത്തതും നിർവ്വഹണം പൂർത്തീകരിച്ചതിനാൽ തുക അനുവദിക്കാൻ വ്യവസ്ഥയുള്ള ഇനങ്ങളായ ആവാസ വ്യവസ്ഥകളുടെ വിവരശേഖരണവും ജൈവവൈവിദ്ധ്യ സ്ഥിതി വിവരങ്ങളുടെ വിശദീകരണവും, അടിസ്ഥാന സൗകര്യ വികസനം/ഓപ്പറേഷണൽ ചാർജ്ജസ്, കേരള സംസ്ഥാന ജൈവവൈവിദ്ധ്യ കോൺഗ്രസ്സും എക്സിബിഷനുകളും, സെമിനാറുകൾ, ശിൽപ്പശാലകൾ, പ്രദർശനങ്ങൾ എന്നിവ മുഖേനയുള്ള അവബോധ പ്രവർത്തനങ്ങൾ, സംസ്ഥാന ജൈവവൈവിദ്ധ്യ ഫണ്ട് എന്നീ പ്രവൃത്തികൾക്കായി 3435-03-101-99 എന്ന ശീർഷകത്തിൽ 2.7012 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

മുൻ വർഷങ്ങളിലെ ചെലവുമായി താരതമ്യം ചെയ്യുമ്പോൾ ശമ്പളേതരം എന്ന ശീർഷകത്തിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക ബോർഡിലെ മറ്റ് ഓഫീസ് ചെലവുകളായ വാട്ടർചാർജ്ജ്, ഇലക്ട്രിസിറ്റി ചാർജ്ജ് എന്നിവയ്ക്ക് അപര്യാപ്തമായതിനാൽ സഹായധനം-ശമ്പളേതരം എന്ന ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

യോഗം രാവിലെ 11.35-ന് പിരിഞ്ഞു.

## 2019 ഫെബ്രുവരി 28-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X, 2019 ഫെബ്രുവരി 28-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. രാജുവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. ബി. ഡി. ദേവസ്സി, എം.എൽ.എ.
2. ശ്രീ. റോജി എം. ജോൺ, എം.എൽ.എ.
3. ശ്രീ. സണ്ണി ജോസഫ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീമതി എസ്. ഷാഹിന, ജോയിന്റ് സെക്രട്ടറി
2. ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. റ്റി. എസ്. പ്രേമാനന്ദ്, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. പി. ബാലകിരൺ, ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്.
2. ശ്രീ. ബി. എസ്. പ്രകാശ്, ജോയിന്റ് സെക്രട്ടറി, വിനോദസഞ്ചാര വകുപ്പ്.
3. ശ്രീമതി ലത എസ്., ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.
4. ഡോ. രാജശ്രീ അജിത്, ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ & ടൂറിസം സ്റ്റഡീസ് (കിറ്റ്സ്).
5. ശ്രീ. കെ. ജി. മോഹൻലാൽ, സി.എം.ഡി., കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്.
6. ശ്രീ. രാഹുൽ ആർ., മാനേജിംഗ് ഡയറക്ടർ, കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ.
7. ശ്രീ. ഉണ്ണികൃഷ്ണൻ എ., ജനറൽ മാനേജർ, കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്.
8. ശ്രീ. ബി. അശോകൻ, ഫിനാൻസ് ഓഫീസർ, വിനോദസഞ്ചാര വകുപ്പ്.

സമിതി, 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയുടെ ഭാഗമായി XLII (വിനോദസഞ്ചാരം) എന്ന ധനാഭ്യർത്ഥനയുടെ വിവിധ ശീർഷകങ്ങൾ പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

2019-2020 സാമ്പത്തിക വർഷത്തിലേയ്ക്കായി ആകെ 569 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചതിൽ 372.37 കോടി രൂപയാണ് പദ്ധതി ചെലവുകൾക്കായി 20 ഹെഡ്ഡുകളിലായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നതെന്ന് ടൂറിസം ഡയറക്ടർ ആമുഖമായി വ്യക്തമാക്കി.

വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പശ്ചാത്തല സൗകര്യമൊരുക്കൽ എന്ന ശീർഷകത്തിൽ കഴിഞ്ഞ വർഷം അനുവദിച്ച 132 കോടി രൂപയാണ് ഈ വർഷവും വകയിരുത്തിയിരിക്കുന്നതെന്നും, വകുപ്പിന്റെ ഏറ്റവും പ്രധാനപ്പെട്ട ഈ ശീർഷകത്തിൽ

നിന്നാണ് സംസ്ഥാനത്ത് ടൂറിസവുമായി ബന്ധപ്പെട്ടുള്ള എല്ലാ പദ്ധതികൾക്കുമുള്ള തുക ചെലവാക്കുന്നതെന്നും കഴിഞ്ഞ വർഷത്തേക്കാൾ കൂടുതൽ പദ്ധതികൾ ഇത്തവണ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നും Rebuild Kerala Initiative-മായി ബന്ധപ്പെട്ട് Dream Destination and High Priority Destinations ഉൾപ്പെടുത്തി വലിയൊരു പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കഴിഞ്ഞ വർഷം ലഭിച്ച 132 കോടി രൂപയിൽ പകുതി തുകപോലും ചെലവഴിച്ചതായി കാണുന്നില്ലെന്ന് സമിതി ചൂണ്ടിക്കാണിച്ചു. ഈ വർഷം ആകെ 252 കോടി രൂപയുടെ ബില്ലുകൾ സബ്മിറ്റ് ചെയ്തതിൽ 182 കോടി രൂപയുടെ ബില്ലുകൾ മാത്രമേ പാസ്സായിട്ടുള്ളുവെന്നും അതോടൊപ്പം പദ്ധതി വിഹിതത്തിന്റെ 20% തുക കുറവ് വരുത്തണമെന്ന ഗവൺമെന്റ് നിർദ്ദേശത്തിന്റെ പശ്ചാത്തലത്തിൽ തുകയിൽ കുറവുവന്നുവെന്നും 85% തുകയുടെ ബില്ലുകളും ഫെബ്രുവരി 26-ന് മുമ്പ് തന്നെ സമർപ്പിച്ചിട്ടുണ്ടെന്നും, മാർച്ച് മാസത്തിനുമുമ്പ് മുഴുവൻ തുകയും ചെലവഴിക്കാൻ സാധിക്കുമെന്നാണ് കരുതുന്നതെന്നും ടൂറിസം ഡയറക്ടർ മറുപടി പറഞ്ഞു.

ആഗസ്റ്റ് മാസത്തിലുണ്ടായ വെള്ളപ്പൊക്കത്തിനുശേഷം പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ ഇടുക്കി, വയനാട് എന്നീ ജില്ലകളിൽ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വളരെയധികം കുറവുണ്ടായതിന്റെ പശ്ചാത്തലത്തിൽ ബഹു. ടൂറിസം മന്ത്രിയുടെ നിർദ്ദേശാനുസരണം ഒക്ടോബർ മാസത്തിൽ "Its time for Kerala" എന്ന പേരിൽ 12 കോടി രൂപ ചെലവഴിച്ച് നടത്തിയ ക്യാമ്പയിനിലൂടെ ഡിസംബർ മാസത്തിൽ തന്നെ ടൂറിസം മേഖലയെ Positive growth-ലേയ്ക്ക് എത്തിക്കുവാൻ കഴിഞ്ഞുവെന്നും, പക്ഷേ average growth നോക്കിയാൽ 10-15% ആളുകൾ വരേണ്ട സ്ഥാനത്ത് 6% മാത്രമേ ആയിട്ടുള്ളുവെന്നും ടൂറിസം ഡയറക്ടർ വ്യക്തമാക്കി. ആഭ്യന്തര ടൂറിസം രംഗത്തെ വളർച്ച 5 വർഷത്തിനുള്ളിൽ 50% വർദ്ധിപ്പിക്കണമെന്നതാണ് സർക്കാരിന്റെ ലക്ഷ്യമെന്നും, സാധാരണഗതിയിൽ പ്രകൃതി ദുരന്തങ്ങൾ ഉണ്ടായിക്കഴിഞ്ഞാൽ തിരിച്ചുവരവിന് രണ്ടുവർഷം വരെ സമയമെടുക്കാറുണ്ടെന്നും, പക്ഷെ മൂന്നരമാസം കൊണ്ട് ടൂറിസം രംഗം Positive ആയത് പ്രതീക്ഷ നൽകുന്നുണ്ടെന്നും, കൂടാതെ 'Human by Nature' എന്ന പേരിൽ ന്യൂഡൽഹിയിൽ വച്ച് നൂറ്റമ്പതോളം ദേശീയ/അന്തർദ്ദേശീയ മാധ്യമങ്ങളെ ഉൾപ്പെടുത്തി ഒരു ക്യാമ്പയിൻ നടത്തിയതിലൂടെ നല്ലൊരു വരുമാനം പ്രതീക്ഷിക്കുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വെള്ളപ്പൊക്കംമൂലം നാശനഷ്ടമുണ്ടായ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ അതിരപ്പിള്ളി, വാഴച്ചാൽ, തുമ്പൂർമൂഴി എന്നിവിടങ്ങളിലെ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് എന്തെല്ലാം സംവിധാനങ്ങളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് സമിതി ആരാഞ്ഞതിന്, നാശനഷ്ടം സംഭവിച്ച ടൂറിസ്റ്റ് കേന്ദ്രങ്ങളെക്കുറിച്ചുള്ള പ്രൊപ്പോസൽ എല്ലാ ജില്ലകളിൽ നിന്നും വകുപ്പ് ശേഖരിച്ചിട്ടുണ്ടെന്നും ഏകദേശം 10 കോടി രൂപയുടെ നഷ്ടമാണ് കണക്കാക്കിയിരിക്കുന്നതെന്നും,

തൃശ്ശൂർ ജില്ലയിൽ തുമ്പൂർമുഴിയ്യാണ് വളരെയധികം നാശനഷ്ടം സംഭവിച്ചതെന്നും തുടർനടപടികൾക്കുള്ള ഭരണാനുമതി നൽകിക്കഴിഞ്ഞുവെന്നും ടൂറിസം ഡയറക്ടർ മറുപടി നൽകി.

കഴിഞ്ഞ രണ്ട് വർഷക്കാലയളവിൽ ടൂറിസം വകുപ്പിന് കീഴിലുള്ള ഗസ്റ്റ് ഹൗസുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് ഭീമമായ പദ്ധതികളാണ് സർക്കാർ വിഭാവനം ചെയ്തിട്ടുള്ളതെന്നും, അതിന്റെ ഭാഗമായി സുൽത്താൻബത്തേരി, പൊൻമുടി, കോഴിക്കോട് ഗസ്റ്റ് ഹൗസുകൾക്ക് പുറമെ കന്യാകുമാരി ഗസ്റ്റ് ഹൗസ് നവീകരണത്തിനായി 17.6 കോടി രൂപയുടെയും ഗുരുവായൂർ ഗസ്റ്റ് ഹൗസ് നവീകരണത്തിനായി 72.45 കോടി രൂപയുടെയും, ശബരിമലയിൽ പുണ്യദർശനം കോംപ്ലക്സ് പണിയുന്നതിന് 5 കോടി രൂപയുടെയും ഇടുക്കി യാത്രീനിവാസിനായി 5 കോടി രൂപയുടെയും ഭരണാനുമതി നൽകിക്കഴിഞ്ഞുവെന്നും തൈക്കാട്, തൃശ്ശൂർ ഗസ്റ്റ് ഹൗസുകളുടെ അഡീഷണൽ ബ്ലോക്കിനായി യഥാക്രമം 22 കോടി രൂപയും 20 കോടി രൂപയുടെയും ദേവികുളം യാത്രീനിവാസിന്റെ അഡീഷണൽ ബ്ലോക്കിനായി 15 കോടി രൂപയുടെയും കോവളം ഗസ്റ്റ് ഹൗസിനായി 25 കോടി രൂപയുടെയും പദ്ധതികൾ ആസൂത്രണം ചെയ്തുകൊണ്ടിരിക്കുകയാണെന്നും അദ്ദേഹം വ്യക്തമാക്കി.

അതിരപ്പിള്ളിയിൽ ഒരു ഗസ്റ്റ് ഹൗസ് പണിയുന്നത് സംബന്ധിച്ച വിഷയത്തിന്മേൽ സ്ഥലം ലഭ്യമാകുന്നതിനുള്ള ബുദ്ധിമുട്ടാണ് തടസ്സമെന്ന് ടൂറിസം ഡയറക്ടർ വ്യക്തമാക്കി. പഞ്ചായത്തിന്റെ സ്ഥലം പ്രസ്തുത ഗസ്റ്റ് ഹൗസിനായി ലഭ്യമാക്കാമെന്ന സമിതി അംഗത്തിന്റെ മറുപടിയിൽ സ്ഥലം ലഭ്യമാക്കിയാൽ അത് പ്രാവർത്തികമാക്കുന്ന കാര്യം ആലോചിക്കാവുന്നതാണെന്ന് ബഹു. മന്ത്രി വ്യക്തമാക്കി.

ഉത്തരവാദിത്വ ടൂറിസത്തിന്റെ ഭാഗമായി തുടക്കത്തിൽ ഉണ്ടായിരുന്ന 197 യൂണിറ്റുകളുടെ സ്ഥാനത്ത് കഴിഞ്ഞ 2 വർഷക്കാലയളവിനുള്ളിൽ 14000 ആർ.ടി. യൂണിറ്റുകളാണ് പുതിയതായി ആരംഭിച്ചതെന്നും, ഇപ്പോൾ പ്രത്യക്ഷമായും പരോക്ഷമായും 75000 പേർ യൂണിറ്റുകളിൽ സജീവമായി പ്രവർത്തിക്കുന്നതെന്നും അതുപോലെ 1000 ത്തോളം പേർ എന്യൂമറേറ്ററായി ജോലി ചെയ്യുന്നുണ്ടെന്നും രണ്ട് വർഷക്കാലയളവിനുള്ളിൽ 6.69 കോടി രൂപയുടെ വരുമാനം ലഭിച്ചിട്ടുണ്ടെന്നും, ഭാവിയിൽ 59,000 യൂണിറ്റുകളായി വിപുലീകരിക്കുവാനാണ് വകുപ്പ് ലക്ഷ്യമിടുന്നതെന്നും ടൂറിസം ഡയറക്ടർ വ്യക്തമാക്കി.

മുൻകാലങ്ങളിൽ ടൂറിസം വ്യവസായത്തിലേക്ക് ആളുകളെ ആകർഷിക്കുന്നതിനായി ഹോട്ടലുകൾക്ക് സബ്സിഡി നൽകുന്നതിനായി നടപ്പിലാക്കിയ പദ്ധതിയായിരുന്നു നിക്ഷേപ സബ്സിഡിയും ഇലക്ട്രിസിറ്റി സബ്സിഡിയും. എന്നാൽ ഈ പദ്ധതി പ്രായോഗികമല്ലാത്തതിനാൽ ആയത് നിലവിൽ പൂർണ്ണമായും നിർത്തലാക്കിയെന്നും ടൂറിസം ഉദ്യോഗസ്ഥൻ വ്യക്തമാക്കി.

സ്വദേശ് ദർശൻ പദ്ധതി പ്രകാരം സ്കീം തയ്യാറാക്കി കേന്ദ്രഗവൺമെന്റിന് സമർപ്പിച്ച മലയാറ്റൂർ-കാലടി-അതിരപ്പിള്ളി ടൂറിസം സർക്യൂട്ട് നിലവിൽ ഏത് പദ്ധതിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് സമിതി ആരാഞ്ഞതിന് പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തണമെന്ന നിർദ്ദേശം ലഭിച്ചിട്ടുണ്ടെന്ന് ടൂറിസം ഡയറക്ടർ മറുപടി നൽകി.

പ്രസ്തുത സ്കീമിൽ നിന്നും അതിരപ്പിള്ളിയെയും, കാലടിയെയും ഒഴിവാക്കി പകരം ചേരമാൻ ജുമാമസ്ജിദും മലയാറ്റൂരും മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂവെന്ന് ടൂറിസം ഡയറക്ടർ വ്യക്തമാക്കി.

കണ്ണൂരിലെ കൊട്ടിയൂർ, ആറളം എന്നിവ ഇതിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന്, പ്രധാനപ്പെട്ട എല്ലാ തീർത്ഥാടന കേന്ദ്രങ്ങളെയും ഉൾപ്പെടുത്തി ഒരു ലിസ്റ്റ് തയ്യാറാക്കി കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചുവെങ്കിലും, കേന്ദ്രത്തിൽ നിന്നും വന്ന ഉദ്യോഗസ്ഥർ ലിസ്റ്റിലുൾപ്പെട്ട എല്ലാ സ്ഥലങ്ങളും സന്ദർശിച്ച് അവരുടെ താൽപര്യാർത്ഥമാണ് തീർത്ഥാടന കേന്ദ്രങ്ങളെ തെരഞ്ഞെടുത്തതെന്നും, അതിൻ പ്രകാരം കേരള സ്പിരിച്വൽ സർക്യൂട്ട് എന്ന പേരിൽ 133 പ്രാർത്ഥനാലയങ്ങളുടെയും അമ്പലങ്ങളുടെയും, പള്ളികളുടെയും തീർത്ഥാടന സൗകര്യങ്ങൾക്കായി 85 കോടി രൂപ കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയിട്ടുണ്ടെന്നും എല്ലാ പദ്ധതികളും അതിൽ ഉൾപ്പെടുന്നുണ്ടെന്നും ഡയറക്ടർ കൂട്ടിച്ചേർത്തു.

കണ്ണൂരിലെ കൊട്ടിയൂർ കൂടി പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി നോട്ടിഫിക്കേഷൻ തയ്യാറാക്കണമെന്നാവശ്യപ്പെട്ട് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ യോഗം ചേർന്ന് ഗവൺമെന്റിന് നിർദ്ദേശം സമർപ്പിച്ചിരിക്കുകയാണെന്ന് സമിതി അംഗം അറിയിച്ചു.

നിലവിൽ അനുവദിച്ചിരിക്കുന്ന 85 കോടി രൂപ 133 തീർത്ഥാടന കേന്ദ്രങ്ങൾക്കായി നീക്കിവച്ചിരിക്കുകയാണെന്നും കൂടുതലായി എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ എന്നത് സംബന്ധിച്ച് ആലോചിക്കാവുന്നതാണെന്നും ബഹു. ടൂറിസം മന്ത്രി മറുപടി നൽകി.

വാഗമണിലുണ്ടായ അപകടം സംബന്ധിച്ച് അന്വേഷണത്തിന് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് അന്വേഷണം നടത്തുവാൻ നിർദ്ദേശിച്ചിട്ടുണ്ടെന്നും ജില്ലാ കളക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണെന്നും ഡയറക്ടർ മറുപടി നൽകി.

പ്രവേശന കവാടത്തിൽ വച്ച് ടിക്കറ്റ് കൊടുത്ത് സന്ദർശകർക്ക് പ്രവേശനാനുമതി നൽകുന്നതല്ലാതെ സഞ്ചാരികൾക്ക് നൽകേണ്ട യാതൊരു മാർഗ്ഗനിർദ്ദേശവും, മുന്നറിയിപ്പുകളും സുരക്ഷാ ക്രമീകരണങ്ങളും അവിടെ സ്വീകരിക്കുന്നില്ലെന്നാണ് മനസ്സിലാക്കുന്നതെന്നും, ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും സ്റ്റാഫിനെ നിയോഗിച്ച് വിനോദസഞ്ചാരികൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുള്ള ഉത്തരവാദിത്വം ടൂറിസം പ്രൊമോഷൻ കൗൺസിലിനുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു.

നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി സ്ഥലം ടൂറിസം വകുപ്പിന് കൈമാറിയിട്ടില്ലെന്നും വർഷങ്ങളായി പാരാഗ്ലൈഡിംഗ് നടത്തിവരുന്ന സ്ഥലത്തേയ്ക്ക് പോകുന്നതിന് വേണ്ടി ഉപയോഗിക്കുന്ന വഴിയിലാണ് അപകടം സംഭവിച്ചതെന്നും ടൂറിസം ഡയറക്ടർ വ്യക്തമാക്കി.

തുടർന്ന്, സമിതി വിനോദസഞ്ചാര വകുപ്പ് പദ്ധതി/പദ്ധതിയേതര ശീർഷകങ്ങളിലായി ആവശ്യപ്പെട്ടിരിക്കുന്ന അധിക തുകകൾ അനുവദിക്കുന്നതിനെ സംബന്ധിച്ച് വകുപ്പുദ്യോഗസ്ഥരുമായും ധനകാര്യ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും വിശദമായ ചർച്ച നടത്തുകയുണ്ടായി.

കേരളം അഭിമുഖീകരിച്ച മഹാപ്രളയവും അനുബന്ധ പ്രശ്നങ്ങളുംമൂലം ടൂറിസം രംഗത്ത് ഉണ്ടായ മാന്ദ്യം ഇല്ലാതാക്കുന്നതിനുള്ള ക്യാമ്പയിനുകൾ സംഘടിപ്പിക്കൽ, കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം പ്രവർത്തനസജ്ജമായ സാഹചര്യത്തിൽ മലബാർ മേഖലയുടെ സമഗ്ര ടൂറിസം വികസനത്തിനായുള്ള പ്രത്യേക ക്യാമ്പയിനുകൾ സംഘടിപ്പിക്കൽ എന്നിവയ്ക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ 18 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഹെറിറ്റേജ് മൂല്യമുള്ള എല്ലാ സർക്കാർ അതിഥി മന്ദിരങ്ങളുടെയും യാത്രീനിവാസുകളുടെയും കേരള ഹൗസുകളുടെയും അറ്റകുറ്റപ്പണികൾക്കും നവീകരണത്തിനും കന്യാകുമാരിയിൽ യാത്രീ നിവാസ് നിർമ്മിക്കുന്നതിനും ശബരിമലയിൽ പുണ്യദർശനം കോംപ്ലക്സ് നിർമ്മിക്കുന്നതിനും സർക്കാർ ഭരണാനുമതി നൽകിക്കഴിഞ്ഞുവെങ്കിലും പണി പൂർത്തിയാക്കുന്നതിനായി വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 48 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

വിനോദസഞ്ചാര വകുപ്പിന് കീഴിലുള്ള അതിഥി മന്ദിരങ്ങളുടെയും യാത്രീനിവാസുകളുടെയും കേരളാഹൗസുകളുടെയും അറ്റകുറ്റപ്പണികൾ, പ്രധാന പട്ടണങ്ങളിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന അതിഥി മന്ദിരങ്ങളുടെയും യാത്രീനിവാസുകളുടെയും നിർമ്മാണം തുടങ്ങിയവ പൊതുമരാമത്ത് വകുപ്പ് പൂർത്തിയാക്കാത്തതിൽ അതൃപ്തി രേഖപ്പെടുത്തിയ സമിതി നിലവിൽ ടൂറിസം വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങളും അറ്റകുറ്റപ്പണികളും ഏറ്റെടുത്തു നടത്തുന്ന പൊതുമരാമത്ത് വകുപ്പിനെ ഒഴിവാക്കി പ്രസ്തുത മരാമത്ത് പണികൾ സ്വതന്ത്ര എംപാനൽഡ് ഏജൻസികളെ ഏൽപ്പിക്കുന്ന കാര്യം പരിഗണിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

വിവര വിനിമയ സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി ദേശീയ/അന്തർദ്ദേശീയ വിപണികളിൽ വിനോദസഞ്ചാരം പ്രോത്സാഹന ക്യാമ്പയിനുകൾ സംഘടിപ്പിക്കൽ, കേരള ടൂറിസം പ്രചാരണം ശക്തിപ്പെടുത്തുന്നതിനുള്ള നൂതന മാർഗ്ഗങ്ങൾ

സംഘടിപ്പിക്കൽ എന്നിവയ്ക്കായി വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 37.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സംസ്ഥാനത്തുടനീളം ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനായി 2017-ൽ രൂപീകൃതമായ ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും വിവിധ പ്രവർത്തനങ്ങളിലൂടെ 3000 ഗുണഭോക്താക്കൾക്ക് പരിശീലനവും 2000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിടുന്ന പദ്ധതിക്കായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2.55 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സ്വകാര്യ മേഖലയിലെ പൈതൃക കെട്ടിടങ്ങൾക്ക് (ഗൃഹസ്ഥലി) നൽകിക്കൊണ്ടിരുന്ന പ്രോത്സാഹനം തുടർന്നുകൊണ്ടുപോകുന്നതിനായി വിഭാവനം ചെയ്തിരിക്കുന്ന വിവിധ പദ്ധതികൾക്ക് അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 36.35 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ടൂറിസ്റ്റ് ഗ്യാരേജിന് കീഴിലുള്ള ജീവനക്കാർക്ക് യാത്രാബത്ത അനുവദിക്കുന്നതിനായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.3 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ടൂറിസം വകുപ്പിന് കീഴിലുള്ള 141 വാഹനങ്ങളുടെ ഇൻഷ്വറൻസ് പുതുക്കുന്നതിനും അറ്റകുറ്റപ്പണികൾക്കും ഇന്ധനം വാങ്ങുന്നതിനുമായി നടപ്പുവർഷം വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ, ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ എന്നയിനത്തിൽ 1.20 ലക്ഷം രൂപയും മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നയിനത്തിൽ 4.31 ലക്ഷം രൂപയും, പി.ഒ.എൽ. ഇനത്തിൽ 31.89 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ബഹു. മന്ത്രിമാർക്കും, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, മറ്റ് വി.ഐ.പി.-കൾ എന്നിവരുടെ സന്ദർശനം, സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം തുടങ്ങിയ ആഘോഷങ്ങളുമായി ബന്ധപ്പെട്ട ചെലവുകൾ എന്നിവയ്ക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.0334 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ടൂറിസം വകുപ്പിന് കീഴിലുള്ള കേരളത്തിലെ 14 ജില്ലാ ആഫീസുകളിലെ ഉദ്യോഗസ്ഥരുടെ യാത്രാബത്ത അനുവദിക്കുന്നതിനായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 11.1 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ജില്ലാ ആഫീസുകളിൽ താൽക്കാലിക/ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്ക് വേതനം നൽകുന്നതിനായി നടപ്പുവർഷം തുകയൊന്നും വകയിരുത്തി യിട്ടില്ലാത്തതിനാൽ 10 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ബഹു. രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി, മറ്റ് വി.വി.ഐ.പി.-കൾ തുടങ്ങിയവരുടെ സന്ദർശനവുമായി ബന്ധപ്പെട്ട ചെലവുകൾക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1.6142 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ടൂറിസം വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം ഗസ്റ്റ് ഹൗസിലെ ഭക്ഷണം തയ്യാറാക്കുന്നതിനുള്ള സാധനസാമഗ്രികൾ വാങ്ങുന്നതിനായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 26.93 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിലെയും അനുബന്ധ വ്യാപന കേന്ദ്രങ്ങളിലെയും ജീവനക്കാരുടെ ശമ്പളം, കെട്ടിടവാടക, ട്രെയിനിംഗ് ചെലവ്, ഗ്രാറ്റുവിറ്റി, പെൻഷൻ ആനുകൂല്യങ്ങൾ തുടങ്ങിയ അത്യന്താപേക്ഷിതമായ ചെലവുകൾക്കായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 4.4006 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്കുശേഷം 3.40-ന് പിരിഞ്ഞു.

## 2019 മാർച്ച് 21-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട്കമ്മിറ്റി X, 2019 മാർച്ച് 21-ാം തീയതി വ്യാഴാഴ്ച രാവിലെ 10.30-ന് നിയമസഭാ സമുച്ചയത്തിലെ '5-എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ, ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രിയുമായ ശ്രീ. കെ. രാജുവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

ഹാജരായ അംഗങ്ങൾ :

1. ശ്രീ. എൽദോ എബ്രഹാം, എം.എൽ.എ.
2. ശ്രീ. എസ്. രാജേന്ദ്രൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീമതി എസ്. ഷാഹിന, ജോയിന്റ് സെക്രട്ടറി
2. ശ്രീ. പി. പി. ഷാനവാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. റ്റി. എസ്. പ്രേമാനന്ദ്, അണ്ടർ സെക്രട്ടറി.

സമിതിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ള XVII, XX, XXXIV, XLII എന്നീ നമ്പർ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

കാന്തല്ലൂർ വനപ്രദേശത്ത് സ്കൂൾ കുട്ടികളുമായി സഞ്ചരിച്ച ഓട്ടോറിക്ഷയുടെ മുന്നിൽ വന്ന ആനയെ കമ്പനി തൊഴിലാളി കൂടിയായ ഡ്രൈവർ പ്രാണരക്ഷാർത്ഥം ഓടിച്ചതിന്റെ പേരിൽ മറയൂർ ഡിസ്ട്രിക്ട് ഫോറസ്റ്റ് ഓഫീസറുടെ നിർദ്ദേശപ്രകാരം അദ്ദേഹത്തെ ജോലിയിൽ നിന്നും സസ്പെൻഡ് ചെയ്യുകയുണ്ടായെന്ന വിവരം സമിതിയംഗം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും, ആയതിന്മേൽ ജനവാസകേന്ദ്രങ്ങളിൽ ആന ഇറങ്ങാതിരിക്കുവാനുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കണമെന്ന നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകാൻ ചെയർമാൻ തീരുമാനിക്കുകയും ചെയ്തു.

യോഗം രാവിലെ 10.45-ന് പിരിഞ്ഞു.

---

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.